# ക്ലബ് ഹൗസ് രണ്ടാം ഭാഗം

എസ്.കാച്ചപ്പിള്ളി



# ക്ലബ് ഹൗസ് രണ്ടാം ഭാഗം

## എസ്.കാച്ചപ്പിള്ളി

**കഥകൾ:**

ഒറ്റമുറിവീട്

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി

ക്ലബ് ഹൗസ്

***നുറുങ്ങു ലേഖനങ്ങൾ:***

ദുരന്തങ്ങൾ നൽകുന്ന പാഠം

സ്വാന്തനം

**നുറുങ്ങു ചിന്തകൾ:**

മൊഴിമുത്തുകൾ

**ചിന്തകൾ:**

എന്റെ ജനാധിപത്യ ചിന്തകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ



web: www.kachappilly.in (free download of all books)
Face book: Sebastian Kachappilly
Youtube: sebastiankachappilly

ഭക്ഷ്യസുരക്ഷാ ദിനം

സമ്മർദ്ദങ്ങളും ചെറുകിട സ്ഥാപനങ്ങളും

സമൂഹത്തിന്റെ വളർച്ച

അരാഷ്ട്രീയവാദികൾ

വ്യക്തിത്വങ്ങൾ രൂപപ്പെടുമ്പോൾ

ബഹിഷ്ക്കരണം

ദേശീയതയും മനുഷ്യരും

ഗുരുനാഥന്മാർ

പൊതുമേഖല സ്ഥാപനങ്ങൾ

സുകൃതികൾ

ജവഹർലാൽ നെഹ്റു-രാഷ്ട്രശിൽപ്പി

നെടുമുടി വേണു - ഓർമ്മകളിലൂടെ

ഭരണഘടനയുടെ ആമുഖം

ബാലവേല

ജീവിതശൈലി രോഗങ്ങൾ

## ഭക്ഷ്യസുരക്ഷാ ദിനം

വിശപ്പ് ലോകം നേരിടുന്ന വലിയ പ്രശ്നങ്ങളിലൊന്നാണ്. വിശപ്പ് മാറ്റുവാനായി ആവശ്യം വേണ്ട സാഹചര്യം ഒരുക്കേണ്ടത് ഏതൊരു ഭരണകൂടത്തിന്റേയും പ്രധാന ചുമതലകളിലൊന്നാണ്. ഏതെങ്കിലും തരത്തിൽ പെട്ട ഭക്ഷ്യവസ്തുക്കൾ കണ്ടെത്തി മൂന്നു നേരം ഭക്ഷണം കൊടുക്കുകയല്ല പകരം കാർഷിക മേഖലയിൽ ഉണർവ്വ് പകർന്ന് ഉയർന്ന പോഷകമൂല്ല്യമുള്ള വസ്തുക്കൾ ലഭ്യമാക്കുക എന്നതാണ് പുതിയ നൂറ്റാണ്ടിൽ ഭക്ഷ്യസുരക്ഷ കൊണ്ട് അർത്ഥമാക്കുന്നത്.

ലോകത്ത് ദാരിദ്ര്യം നിലനിൽക്കുന്ന പല രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയുടെ നില കൂടുതൽ ഭദ്രമാണെന്നു പറയാതെ വയ്യ. ഭാരതത്തിൽ ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ തുടക്കം കുറിച്ച കാർഷിക വിപ്ലവം ഭാരതത്തെ ഇന്ന് അരിയുൾപ്പടെയുള്ള ഭക്ഷ്യ വസ്തുക്കൾ കയറ്റുമതി ചെയ്യുന്ന രാജ്യമാക്കി മാറ്റുകയും ചെയ്തു.

മനുഷ്യ വിഭവശേഷി കൂടുതലുള്ള രാജ്യമാണ് ഇന്ത്യ എന്നു പറഞ്ഞ് കാളയെപ്പൂട്ടിയുള്ള

കൃഷിരീതി മാത്രം മതി എന്നു തീരുമാനിച്ച സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ സംസ്ഥാനമായ കേരളത്തെ കരുതുന്നു. അതുകൊണ്ടു തന്നെ കേര ളത്തിൽ നിന്നും കാർഷിക മേഖല അകന്നു പോവു കയും മറ്റു സംസ്ഥാനങ്ങളെ ഭക്ഷണ സാധന ങ്ങൾക്ക് ആശ്രയിക്കേണ്ടതായി വരികയും ചെയ്തു. നമ്മുടെ രാജ്യമായ ഭാരതത്തിൽ ഭക്ഷ്യസുരക്ഷ നിയമപരമായ അവകാശമായി നടപ്പിലാക്കുകയും എല്ലാവർക്കും ആഹാരത്തിന് ആവശ്യമായ ഭക്ഷ്യവ സ്തുക്കൾ ലഭിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നു. ദാരിദ്ര്യ രേഖക്ക് താഴെ കിടക്കുന്ന ജന വിഭാഗങ്ങളെ പ്രത്യേക ജനവിഭാഗമായി കണ്ടെത്തു കയും അവർക്കാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്യുന്നു.

കേരളീയനെ സംബന്ധിച്ചിടത്തോളം മിക്കവാ റുംതന്നെ വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളാണ് ലഭ്യമാകുന്നത് എന്നത് കേരളീയന്റെ ഭക്ഷ്യസുരക്ഷ എത്രത്തോളം ആരോഗ്യകരമായി നടപ്പിലാക്കാൻ കഴിയുന്നു എന്നത് ചോദ്യചിഹ്നമായി നിലനിൽക്കു ന്നു. ഓരോ കേരളീയനും ജൈവകൃഷിയെപ്പറ്റി കൂടുതൽ ബോധവാനാകേണ്ടതുണ്ട്. എൻഡോ സൾഫാൻ പോലുള്ള മാരക രാസപദാർത്ഥങ്ങൾ ഉപയോഗിച്ച ഭക്ഷ്യവസ്തുക്കൾ കഴിക്കുകവഴി കേര ളീയന്റെ ആരോഗ്യം ആശുപത്രികളുടെ സഹായ ത്തോടെ നിലനിർത്തേണ്ടി വരുന്നു.

കാർഷിക വിപ്ലവത്തോടെ ആരംഭിച്ച ഭാരതത്തിന്റെ കാർഷിക ഉൽപ്പാദനം ഇന്നിപ്പോൾ ഏറ്റവും കൂടുതൽ അരി കയറ്റുമതി ചെയ്യുന്ന അവസ്ഥയിലേക്ക് മുന്നേറിയിരിക്കുകയാണ്. കാർഷിക വിപ്ലവത്തെ തുടർന്ന് വർദ്ധിതമായ കാർഷിക ഉൽപ്പന്നങ്ങൾ ഒരു വശത്ത് നിലനിൽക്കുമ്പോൾ കേരളം പോലുള്ള പല ഭാഗങ്ങളിലും ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം അനുഭവപ്പെട്ടിരുന്നു. ഇത്തരമൊരവസ്ഥയിലാണ് രാജ്യത്ത് സർക്കാർ സംവിധാനമായ മണ്ഡി സിസ്റ്റം വഴി ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയും ചെയ്തത്. കേരളം പോലുള്ള ഭക്ഷ്യവസ്തുക്കൾക്ക് ദാരിദ്ര്യം അനുഭവിക്കുന്ന സംസ്ഥാനങ്ങൾക്ക് പൊതുവിതരണ സംവിധാനം വഴി പട്ടിണി മാറ്റാനും മണ്ഡിസിസ്റ്റം വഴി കഴിഞ്ഞു എന്നത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സ്മരിക്കേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ കർഷക ആത്മഹത്യകൾ നമ്മുടെ കർഷകർ സുരക്ഷിതരല്ല എന്നു തന്നെയാണ് വ്യക്തമാക്കുന്നത്. അവർ രാഷ്ട്രീയ ലോബികളുടെ ചങ്ങലയിലും സംഭരണവുമായി ബന്ധപ്പെട്ട് ഇടനിലക്കാരുടെ ഇടപെടലുകളിലും കഷ്ടപ്പെടുന്നുണ്ട് എന്നു കരുതേണ്ടതുണ്ട്.

ഭാരതത്തിലെ പട്ടിണിയെപ്പറ്റി പ്രചരിപ്പിച്ച് നമ്മുടെ രാജ്യത്തെ തന്നെ താറടിച്ചു കാണിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി കാണാം. പട്ടിണി എന്നതുകൊണ്ട് മൂന്നു നേരം ഭക്ഷണം കഴിക്കുന്നു എന്നതു മാത്രമല്ലാ എന്നും മറ്റിതര സാമൂഹ്യ

സുരക്ഷ കൂടി എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ടെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു.

കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾ രാഷ്ട്രീയ മേഖലയിലും പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ തൊഴിലിടങ്ങളിലുമായി നമ്മുടെ സംസ്ഥാനത്തെ റവന്യൂ വരുമാനം ചിലവഴിക്കുമ്പോൾ സാമൂഹ്യ സുരക്ഷ എന്നത് വളരെ അകലെയാണെന്നും അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനം ദാരിദ്ര്യത്തിൽ നിന്നും കരകയറുമെന്ന പ്രതീക്ഷ അസ്ഥാനത്താണെന്ന് ഭക്ഷ്യസുരക്ഷാ ദിനങ്ങൾ കേരളീയരായ നമ്മളെ ഓർമ്മിപ്പിക്കുന്നു.

## സമ്മർദ്ദങ്ങളും ചെറുകിട സ്ഥാപനങ്ങളും

ഒരു രാജ്യത്തിന്റെ വളർച്ചയിൽ പല വിധ ഘടകങ്ങളാണ് ആധാരമായിട്ടുള്ളത്. രാജ്യത്തിന്റെയൊ സംസ്ഥാനത്തിന്റേയൊ ഭരണത്തിൽ മാറി മാറി എത്തിപ്പെടുന്ന നേതാക്കളുടെ യുക്തിയാണ് പ്രധാന ഘടകമായി മാറുന്നത്. പല നേതാക്കളും അവർ തന്നെ വളർത്തിയെടുത്ത ആത്മവിശ്വാസം അവർക്കിടയിലെ കാര്യപ്രാപ്തി കുറഞ്ഞവർക്കിടയിൽ കനപ്പെട്ടവൻ എന്ന നിലയിലായിരിക്കും. അതായത് മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ് എന്നു പറയുംപോലെ. സംസ്ഥാനത്തെ പല നേതാക്കളും ശരിയെന്ന ഉറച്ച ആത്മവിശ്വാസത്തിലെടുക്കുന്ന തീരുമാനങ്ങൾ ദൂരവ്യാപകമായ പലവിധ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നതും അതുകൊണ്ടു കൂടിയാണ്. ഭരണപരമായ കാര്യങ്ങളിൽ കാര്യക്ഷമമായ തീരുമാനങ്ങൾ എടുക്കാൻ കഴിയാത്തവർ അധികാര ധാർഷ്ഠ്യത്തിന്റെ മുഷ്ക്ക് കാണിക്കുന്നതും സാധാരണമാണ്.

പൊതുമേഖല സ്ഥാപനങ്ങളോടുള്ള മതിപ്പ് കേരളീയന് വളരെ കൂടുതലാണെന്നു കാണാം. കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച് എടുത്ത് പറയാനുള്ളത് പൊതുമേഖല ബാങ്കുകളെ തന്നെയാണ്. പൊതുമേഖല സ്ഥാപനങ്ങളോട് ഏറെ മതിപ്പ്

പ്രകടിപ്പിക്കുന്ന കേരളീയൻ അതുകൊണ്ടുതന്നെ കേരളത്തിലെ പൊതുമേഖല ബാങ്കുകളിലെ സംഭവ വികാസങ്ങളും ചർച്ചയാക്കുന്നു.

കേരളത്തെ സംബന്ധിച്ച് ജീവിച്ച് പോകാൻ പറ്റിയ തൊഴിൽ മേഖല എന്നത് സർക്കാർ മേഖല യിലെ തൊഴിലിടങ്ങളും പൊതുമേഖലയിലെ തൊഴി ലിടങ്ങളുമാണ്. സംസ്ഥാനത്തിന്റെ ഉടമസ്ഥതയി ലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ നിലനിൽപ്പി നായും മറ്റിതര ആവശ്യങ്ങൾക്കായും പൊതുഖജ നാവിൽ നിന്ന് ചെറുതല്ലാത്ത സാമ്പത്തിക സഹായം ചെയ്യേണ്ടതായി വരുന്നു. പൊതുമേഖല സ്ഥാപനങ്ങളുടെ വീഴ്ചയെ താങ്ങി നിറുത്തുവാൻ സംസ്ഥാനത്തിന്റെ ഖജനാവ് ഉള്ളതിനാലും പൊതു മേഖല സ്ഥാപനങ്ങളിലെ സുരക്ഷയിൽ അഭിരമി ക്കുന്ന സംഘടിത തൊഴിൽ സമൂഹമുള്ളതിനാലും എല്ലായ്പ്പോഴും ഇത്തരം സ്ഥാപനങ്ങൾ പൊതുസ മൂഹത്തിൽ ന്യായീകരിക്കപ്പെടുന്നു.

രാജ്യത്തിലെ പൊതുമേഖല ബാങ്കുകളുമായി പുതുതലമുറ ബാങ്കുകൾ താരതമ്യം ചെയ്യുമ്പോൾ പൊതുമേഖല ബാങ്കുകളിലെ ജോലിഭാരം ലഘുവാ ണെന്നു കാണാവുന്നതാണ്. ജീവിച്ചു പോകാനുള്ള നെട്ടോട്ടത്തിൽ ദിവസ കൂലിക്കാരനും ചെറിയ ലാഭ മെങ്കിലും പ്രതീക്ഷിച്ചു കൃഷി ചെയ്യുന്ന കർഷകനും പൊരിഞ്ഞ വാണിജ്യ മത്സരം നേരിടുന്ന ചെറുകിട സ്ഥാപനങ്ങളും അനുഭവിക്കുന്ന ജോലിഭാരവും സമ്മർദ്ധവുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ

രാജ്യത്തേയും പ്രത്യേകിച്ച് സംസ്ഥാനത്തേയും പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലിഭാരം വളരെ ലഘുവാണെന്ന് കാണാം.

ദീർഘകാല വീക്ഷണമുള്ള ആശയങ്ങൾക്ക് വേരോട്ടമില്ലാത്തതിനാൽ നമ്മുടെ സംസ്ഥാനത്തെ ദിവസക്കൂലിക്കാരനും കർഷകനും ചെറുകിട വ്യാപാരിയുമൊക്കെ കടക്കെണിയുടേയും ആത്മഹത്യയുടേയും വരമ്പിലാണെന്ന് അവർക്കിടയിലെ ആത്മഹത്യാ നിരക്ക് സൂചിപ്പിക്കുന്നു.

ഉയർന്ന തസ്തികയിൽ ജോലി ചെയ്യുകയും ഉയർന്ന ശമ്പളം വാങ്ങുകയും ചെയ്യുന്ന സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ കൂടുതൽ സമ്മർദ്ദം അനുഭവിക്കുന്നുണ്ടായിരിക്കാം. സംവരണവും കാര്യക്ഷമത മാനദണ്ഡമാക്കാതെയുള്ള പ്രമോഷനും ആശ്രിത നിയമനവുമൊക്കെ അത്തരം സമ്മർദ്ദങ്ങൾക്ക് കാരണമായേക്കാവുന്നതാണ്. ഇത്തരം ആളുകളെ തിരിച്ചറിഞ്ഞ് കുറഞ്ഞ ശമ്പളവും കുറഞ്ഞ ജോലി ഭാരവുമുള്ള തസ്തികകളിലേക്ക് മാറ്റുക എന്നതു തന്നെയാണ് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റേയും നൂറ്റാണ്ടിനൊത്ത പുരോഗതിക്ക് അഭിലഷണീയമായിട്ടുള്ളത്.

## സമൂഹത്തിന്റെ വളർച്ച

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജാതി-മത പരിഗണന വച്ചുള്ള മെറിറ്റ് പ്രവേശനം സമൂഹത്തിന്റെ വളർച്ചയെ അവഗണിക്കുന്നതിന് തുല്ല്യമാണ് എന്നു വിശ്വസിക്കുന്നവർ തങ്ങളുടെ മക്കളുടെ വളർച്ചയേയും ആശങ്കയോടെ കാണാനും തുടങ്ങി.

ഏതു രാജ്യങ്ങളിലായാലും അവരവരുടെ വിശ്വാസ സംരക്ഷണവുമായി ബന്ധപ്പെട്ട് കോലാഹലങ്ങളുണ്ടാവുകയും ചെയ്യുന്നു. ജീവിത വീക്ഷണം വ്യത്യസ്തമാകുന്നതുപോലെ ആഹ്ലാദകരമായതും ആരോഗ്യകരമായതും ആയ ജീവിതം എങ്ങനെ നേടിയെടുക്കാം എന്നതിനോടുള്ള സമീപനവും വ്യതസ്തമാണ്.

കുഞ്ഞുന്നാളു തൊട്ടെയുള്ള ശ്രദ്ധയും ചില കാര്യങ്ങളിൽ നിർബന്ധ ബുദ്ധിയോടെ എടുക്കുന്ന തീരുമാനങ്ങളുമൊക്കയാണ് മെച്ചപ്പെട്ടതും ആഹ്ലാദകരവും ആരോഗ്യകരവുമായ ജീവിതാവസ്ഥ നേടിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ളത്. ഒരാൾ മെച്ചപ്പെട്ട ജീവിത വിജയത്തിന് സാധ്യമാകും വിധം സിസ്റ്റമാറ്റിക്കായുള്ള സാമൂഹ്യ സാഹചര്യത്തിലാണ് വളർന്നത് എന്ന് പരിഗണിക്കുവാൻ പലവിധ ചോദനകൾക്കും വിധേയമാകുന്ന പ്രായത്തിൽ തിരിച്ചറിയണമെന്നില്ല. തരളവും താളലയം പോലെ അനുഗ്രഹീതവുമായ മനസ്സ് ജീവിതത്തിൽ പലവിധ

സംഘർഷങ്ങളിലൂടെ കടന്നു പോകുന്നു. ജാതിയും മതവും പാരമ്പര്യവും ശാസ്ത്രബോധവും സ്വഭാവഗുണവും കാര്യങ്ങൾ വിവേചിച്ചറിയാനുള്ള കഴിവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ തമ്മിൽ തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നു എന്നു കരുതുന്നു. വിദ്യാർത്ഥികൾക്കിടയിലെ സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സംവിധാനങ്ങളുടെ സ്വാധീനവും സമൂഹത്തിൽ പടർന്നിരിക്കുന്ന കുട്ടികളോടുള്ള അപയങ്ങളും ടെലിവിഷനും സിനിമകളും മദ്യമുൾപ്പടെയുള്ള ലഹരികൾ സമൂഹത്തിൽ വഹിക്കുന്ന പങ്കുമൊക്കെ നമ്മുടെ കുട്ടികളുടെ മാനസികവും ആരോഗ്യകരവുമായ വളർച്ചയെ പരിധിക്കപ്പുറം പോറലേൽപ്പിച്ചിരിക്കുന്നു എന്നതും മാതാപിതാക്കൾക്കിടയിൽ ആകാംക്ഷ പെരുപ്പിക്കാനിടയാക്കിയിട്ടുണ്ട്.

സംവരണം എന്നത് സർക്കാർ ഉടമയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കിയതോടുകൂടി ആരാണ് മെച്ചപ്പെട്ട സ്കോർ നേടി ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തി എന്നു തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായി. സംവരണം വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാനങ്ങളിൽ പഠനം നടത്തുന്നവർ മികച്ച വ്യക്തിത്വം സംഭാവന ചെയ്യാൻ കഴിവുള്ളവരാണൊ എന്ന ആകാംക്ഷ മാതാപിതാക്കൾക്കിടയിൽ രൂഢമായി.

ജാതിയും സമുദായവുമൊക്കെ വ്യക്തിത്വങ്ങളുടെ അളവുകോലായി കണക്കാക്കുന്നവർ സ്വന്തം കുട്ടികളുടെ കാര്യത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ അവരുടെ മേൽ അടിച്ചേൽപ്പിച്ചിട്ടുണ്ട്. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാത്രമല്ല തുടർന്നു വരുന്ന വിവാഹ ജീവിതത്തിലും ഉന്നതവും ശ്രേഷ്ഠവുമായ വ്യക്തിത്വങ്ങളായി സമൂഹത്തിൽ വിലസണമെന്നു ആഗ്രഹിക്കുക സ്വാഭാവികമാണ്.

## അരാഷ്ട്രീയവാദികൾ

രാഷ്ട്രീയ കോമരങ്ങൾ ഉറഞ്ഞു തുള്ളുകയാണ്. സംസ്ഥാനത്തെ തൊഴിൽ മേഖലയിലും ഭരണ മേഖലയിലും അടവുകൾ പയറ്റി കയറിപറ്റിയവർ ഉറഞ്ഞു തുള്ളുകയാണ്. ശരിയെന്നൊ തെറ്റെന്നൊ ഉള്ള ചിന്തകളല്ല അവരെ നയിക്കുന്നത്. പാർട്ടി ക്ലാസ്സിൽ പറഞ്ഞു കേട്ടതുപോലെ പറയുകയാണ്. അലറി വിളിച്ച് അനുകരിക്കുകയാണ്. സാക്ഷരതയിൽ മുമ്പന്തിയിൽ എത്തിയെങ്കിലും അക്ഷരജ്ഞാനം അറിവല്ല എന്നും അറിവിന്റെ വാതായനങ്ങളാണെന്നും എന്നാണാവൊ അനുകരണക്കാർ തിരിച്ചറിയുക.

കേരളത്തിലെ ക്ഷേത്രങ്ങളും പള്ളികളുമൊക്കെ സംരക്ഷിക്കുന്നതിനും അവയുടെ നടത്തിപ്പിനുമൊക്കെയായി എത്രയെത്ര കോടികൾ ആണ് കേരള സർക്കാർ ചിലവഴിക്കുന്നത്. അപ്പോഴും രാമക്ഷേത്രത്തിന് കേന്ദ്രം മുടക്കുന്ന കോടികളെപ്പറ്റി കേരളീയർ പരിദേവനം മുഴക്കുന്നു.

കെ.എം.മാണി പ്രതിമ നിർമ്മിക്കാൻ കോടികൾ ബഡ്ജറ്റിൽ വക കൊള്ളിച്ചതിനെ അറിയാത്ത ഭാവം കാണിക്കുന്നവർ സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ സ്ഥാപിച്ചതിൽ പരിതപിക്കുന്നു.

വിവിധങ്ങളായ ആഘോഷങ്ങൾക്ക് കൈയ്യും മെയ്യും മറന്നു കോടികൾ ചിലവഴിക്കപ്പെടേണ്ടി വരുന്നതു ശ്രദ്ധിക്കാത്തവർ കുംഭമേളയുടെ ചിലവിനെയോർത്ത് പരിതപിക്കുന്നു.

പാർലിമെന്റ് ഹാൾ നിർമ്മിതിയുമായുള്ള സെൻട്രൽ വിസ്ത പ്രൊജക്ടിനായി ചിലവഴിക്കപ്പെടുന്ന തുകയെപ്പറ്റി ആശങ്കപ്പെടുന്ന കേരളീയർ നമ്മുടെ നിയമസഭാ മന്ദിരത്തിന്റെ നിർമ്മിതിയും ആർഭാടത്തേയും വിസ്മരിക്കുന്നു.

കേരളത്തിലെ ഭരണത്തിലെത്തിപ്പെടുന്നവർക്ക് ആർഭാടം കാണിക്കാൻ വൻതുക കൊടുത്ത് കേളീയന് പരിചിതമല്ലാത്ത ആഡംഭര വാഹനങ്ങളും അവയുടെ ടയറിനുമായി കോടികൾ ചിലവഴിക്കുന്നത് പാർട്ടി ക്ലാസ്സ് സംവിധാനത്തിലെ നേതൃനിര ചോദ്യം ചെയ്യാത്തതുകൊണ്ട് മോദി സർക്കാർ വാങ്ങിയ രണ്ടു ബോയിങ് വിമാനത്തെയോർത്ത് വിലപിക്കുന്നു.

കേന്ദ്രത്തിലെ മോദി സർക്കാർ പരസ്യങ്ങളെപ്പറ്റി ആകുലപ്പെടുന്ന കേളീയൻ പക്ഷെ കേരളത്തിലെ ഭരണ തലപ്പത്തിരിക്കുന്നവരുടെ സോഷ്യൽ മീഡിയ സംരക്ഷിക്കുന്നതിനായി ചിലവഴിക്കപ്പെടുന്ന കോടികളെപ്പറ്റി മൗനം പാലിക്കുന്നു.

നമസ്തെ ട്രംമ്പ് പരിപാടിക്കായി ചിലവഴിക്കുന്ന കോടികൾ രാജ്യതാൽപ്പര്യത്തിനിണങ്ങുന്നതായിരുന്നില്ല എന്നു വിശ്വസിക്കുന്ന ഒരു കൂട്ടം

കേരളീയർ സംസ്ഥാനത്തെ പ്രമുഖരുടെ മുഖം മിനുക്കുന്ന പരസ്യ കോലാഹലങ്ങൾക്കായി ചിലവഴിക്കപ്പെടുന്ന കോടികൾ തങ്ങളുടെ നേതാക്കൾ ഉരിയാടിയിട്ടില്ലാത്തതിനാൽ മൗനം പാലിക്കുന്നു.

കേരളീയ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ എത്രയെത്ര കോടികളാണ് കുടുംബ സമേതവും അല്ലാതേയും വിദേശ യാത്രക്കായും അല്ലാതേയുമായി ഖജനാവിന്റെ അവസാന തുകയും അവശേഷിക്കുന്നതിനെപ്പറ്റി തിരക്കുന്നത് എന്നത് അവരുടെ നേതാക്കൾ പറയാത്തുകൊണ്ട് അവയെ വിട്ടുകളയുകയും കേന്ദ്രത്തിലെ നേതാക്കളുടെ വിദേശയാത്രയെപ്പറ്റി ആശങ്കപ്പെടുകയും ചെയ്യുന്നു.

എന്നും എപ്പോഴും കേരളത്തിനു പുറത്ത് നടക്കുന്നതിനെപ്പറ്റി നിലപാടെടുക്കുകയും വാതോരാതെ പ്രസംഗിക്കുകയും ചെയ്യുന്നവർ കേരള സംസ്ഥാനത്ത് പലപ്പോഴായി എടുത്തിട്ടുള്ള കുത്തഴിഞ്ഞ നിലപാടുകൾമൂലം ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സൗജന്യ വൈദ്യുതിയും സൗജന്യ യാത്രാ സൗകര്യവും എന്നത് ജനങ്ങളുടെ അവകാശമാണന്നു മനസ്സിലാക്കാതെ മത്സരിക്കുകയാണ്.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശവത്ക്കരിച്ചിരുന്നുവെങ്കിൽ അക്ഷരജ്ഞാനം സാക്ഷരതയിലൂടെ നേടി വിലസുന്നവരും പാർട്ടി ക്ലാസ്സുകൾ നടത്തി നേതാക്കളെന്നു പറഞ്ഞ് നടക്കുന്നവരും അദ്ധ്യാപകരായി വന്ന് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലെ പാർട്ടി ക്ലാസ്സു

കളാക്കി മാറ്റിയിരുന്നേനെ. ഏറെക്കുറെ യൂണിവേഴ്സിറ്റികളും സർക്കാർവക കോളേജുകളുമൊക്കെ പാർട്ടികളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ എടുത്തിരുന്നവർ അദ്ധ്യാപകവേഷത്തിൽ തകർത്താടുകയാണ്.

അവസരങ്ങളിലും അനവസരങ്ങളിലും രാഷ്ട്രീയ ബന്ധത്തിന്റെ പേരിലും മതത്തിന്റെ പേരിലും സംവരണത്തിന്റെ പേരിലും നേതൃത്വങ്ങളിലെത്തിയവരും അങ്ങനെ ആറക്ക ശമ്പളത്തിൽ പല വിധ വകുപ്പുകളിൽ അഭിരമിക്കുന്നവർ വിചിത്രമായ വാദഗതികളാണ് സമൂഹത്തിനു മുമ്പിൽ വക്കുന്നത്. കേരളത്തിന്റെ സമൂഹ്യ രംഗങ്ങളെ കാർന്നു തിന്നുന്നവിധം വളർന്നിരിക്കുന്ന രാഷ്ട്രീയ സംഘടിത കൊള്ളസംഘങ്ങൾ നടത്തുന്ന പ്രചാരണങ്ങളിൽ രാഷ്ട്രീയ ബന്ധത്തിന്റെ പേരിലും മതത്തിന്റെ പേരിലും സംവരണത്തിന്റെ പേരിലും ലഭിച്ച അടിമത്വ മനോഭാവംമൂലം മൗനമവലംബിച്ച് ഇത്തരം പ്രചാര വേലകളിൽ അകപ്പെട്ടുപോകുന്നു. അടിമത്വമനോഭാവം മൂലം മൗനമവലംബിക്കേണ്ടി വരുന്നതിന് കേരള സമൂഹം കൂടിയ വില കോടുക്കേണ്ടി വരുമെന്ന് ഓർമിക്കേണ്ടിയിരിക്കുന്നു. ഇത്തരം അടിമത്വ മനോഭാവത്തിനെതിരെ പൊരുതുന്നവരെ അരാഷ്ട്രീയവാദികൾ എന്നു വിളിച്ച് അധിക്ഷേപിക്കുന്നു.

## വ്യക്തിത്വങ്ങൾ രൂപപ്പെടുമ്പോൾ

പ്രായമായവരെ സംബന്ധിച്ച് പഴയകാല ഓർമ്മകൾ ഇടക്കിടെ തികട്ടിവരാറുണ്ട്. ഓരോ വ്യക്തികളെ സംബന്ധിച്ചിടത്തോളം ആ ഓർമ്മകളുടെ മാധുര്യവും കടുപ്പവും വ്യത്യസ്ഥമായിരിക്കും. നമ്മുടെ സംസ്ഥാനം ദൈവത്തിന്റെ സ്വന്തം നാട് എന്ന പരസ്യവാചകത്തിലാണ് അറിയപ്പെടുന്നതെങ്കിലും ഓരോ വ്യക്തിത്വങ്ങളും വ്യത്യസ്ഥങ്ങളായ സാഹചര്യത്തിൽ വളരുന്നവരും വ്യത്യസ്ഥങ്ങളായ അഭിരുചികൾ വളർത്തിയെടുത്തവരുമായിരിക്കും. അതുകൊണ്ടുതന്നെ ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരെ അവിടെ എത്തിപ്പെടുന്ന കസ്റ്റമേഴ്സ് വ്യത്യസ്തങ്ങളായ വ്യക്തിത്വങ്ങളായി നോക്കി കാണുകയും വ്യത്യസ്ഥമായ പ്രതീക്ഷ അവരിൽ വച്ചു പുലർത്തുകയും ചെയ്യുന്നു.

ജാതി, തൊഴിൽ, കുടുംബം, വർണ്ണം, അനുഭവങ്ങൾ തുടങ്ങി പല കാരണങ്ങളും ഇത്തരം വ്യത്യസ്തമായ പ്രതീക്ഷ വച്ചു പുലർത്തുന്നതിന് കാരണമായിട്ടുണ്ട്. ക്രിസ്തുമതത്തിൽ ജനിച്ചവർക്ക് ക്രിസ്തുമസ്സും ഈസ്റ്ററുമെന്നപോലെ ഹിന്ദു മതത്തിൽ ജനിച്ചവർക്ക് ഓണവും വിഷുവുമെന്നപോലെ മുസ്ലീം മതത്തിൽ ജനിച്ചവർക്ക് റംസാനും ബക്രീദുമെന്നപോലെ വ്യത്യസ്തമായ ഓർമ്മകൾ

പങ്കു വക്കാനും അയവിറക്കാനും അത്തരം നാളുകളിലെ ഒത്തുചേരലും പാട്ടും പദവുമൊക്കെ മങ്ങാത്ത ഓർമ്മകളായി മാറാനും സാധ്യതകളുണ്ട്.

ഒരേ മതവിഭാഗത്തിൽപ്പെട്ടവരായിരുന്നാലും ക്രിസ്ത്യാനിയും ഹിന്ദുവും മുസൽമാനും വ്യത്യസ്തമായ സാഹചര്യത്തിൽ വളരുന്നവർക്കും വ്യത്യസ്തമായ ഓർമകളായിരിക്കും പങ്കു വയ്ക്കാനുണ്ടാവുക. രാജ്യത്തിന്റെ വടക്കു ഭാഗത്ത് ജീവിക്കുന്നവർ സ്വീകരിക്കുന്ന ആഘോഷങ്ങളായിരിക്കില്ല രാജ്യത്തിന്റെ തെക്ക് ഭാഗത്ത് ജീവിക്കുന്നവർ സ്വീകരിക്കുന്ന ആഘോഷങ്ങളുടെ രീതി. തീരപ്രദേശത്ത് താമസിക്കുന്ന ഒരാൾ സ്വീകരിക്കുന്ന സാമൂഹ്യ ചുറ്റുപാടുകളിലെ ജീവിതമായിരിക്കില്ല ആദിവാസി മേഖലയിലേയും മലയോര മേഖലയിലേയും താമസക്കാർ സ്വീകരിക്കുക.

മേൽപ്പറഞ്ഞ വ്യത്യസ്ഥ ജാതി, സമുദായം, പ്രദേശം തുടങ്ങി പലവിധ കാരണങ്ങളേയും അടിസ്ഥാനപ്പെടുത്തി വ്യത്യസ്ത ഓർമ്മകളും പങ്കുവക്കലും പകർന്നു നൽകലുമൊക്കെയാണുണ്ടാവുക. തൊഴിൽ, സൗഹൃദം, സാഹിത്യം എന്നു തുടങ്ങി സമൂഹം കൈവക്കുന്ന വിവിധ മേഖലകളിൽ വിവിധതരം രീതികളുമായിരിക്കും. ഇത്തരം വിവിധങ്ങളായ മേഖലകളിൽ നിന്നു സ്വായത്തമാക്കിയ അനുഭവങ്ങളും അനുഷ്ഠാനങ്ങളും അഭിരുചികളുമൊക്ക അറിവുകളായി രൂപപ്പെടുകയും അവ വ്യക്തികളുടേയും സമൂഹത്തിന്റേയും മുന്നോട്ടുള്ള ചിന്തകൾക്കും വേറിട്ട വഴികൾക്കും കാരണമാകുന്നു.

ആരാധനാലയങ്ങളുടെ സാമീപ്യമൊ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമീപ്യമൊ, വായനശാലകളുടെ സാമീപ്യമൊ അതിനു സമാനമായ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സാമീപ്യമൊ ഒക്കെ തന്നെ വ്യക്തികളുടേയും സമൂഹത്തിന്റേയും വളർച്ചക്കും വേറിട്ട വഴികൾക്കും കാരണമാകുന്നു. അത്തരം വിവിധങ്ങളായ സാഹചര്യങ്ങളുടെ സ്വാധീനത്താൽ വ്യക്തികളുടേയും സമൂഹത്തിന്റേയും ജീവിത വിജയങ്ങൾക്കും കാരണമാകുന്നു.

വ്യക്തികൾക്ക് ലഭ്യമാകേണ്ട വിദ്യാഭ്യാസം, മെച്ചപ്പെട്ട തൊഴിൽ, നല്ല സൗഹൃദം, പരന്ന വായന എന്നിവയുടെ ഉന്നതമായ ഉറവിടങ്ങളായി ഇത്തരം സാഹചര്യങ്ങൾ പരിണമിക്കുന്നു. എന്നാൽ അത്തരം സ്ഥാപനങ്ങളുടെ സാമീപ്യമൊ അത്തരം വ്യക്തികളുടെ സമീപ്യമൊ ആണ് തങ്ങളുടെ ജീവിത വിജയത്തിന് കാരണമായത് എന്ന് തിരിച്ചറിയാൻ വ്യക്തികൾക്കും സമൂഹത്തിനും കഴിയണമെന്നില്ല.

മാറിമാറി വരുന്ന സ്ഥാപനങ്ങളിലെ മേലധികാരിളിൽ നിന്ന് ഏറ്റുവാങ്ങേണ്ടി വരുന്ന ബുദ്ധിമുട്ടുകളൊ അവഗണനകളൊ മൂലം തങ്ങളുടെ ഉന്നതമായ വളർച്ചക്ക് സാധ്യമാക്കിയ സ്ഥാപനങ്ങളെ അവഗണിക്കുകയും തള്ളിപ്പറയുകയും ചെയ്യുക സമൂഹത്തിൽ കാണാവുന്നതാണ്. എന്നാൽ ഒറ്റപ്പെട്ട ഇത്തരം മാറി ചിന്തിക്കൽ സമൂഹത്തിൽ വലിയ ചലനങ്ങളൊന്നും ഉണ്ടാക്കാതെ ചായക്കോപ്പയിലെ കൊടുങ്കാറ്റായി മാറുകയാണ് ചെയ്യുന്നത്.

വ്യക്തികൾക്കിടയിലെ മാറ്റങ്ങൾക്കായുള്ള കടുംപി ടുത്തങ്ങൾ സമൂഹത്തിന് സ്വീകാര്യമല്ലാത്തതിനാൽ അവർക്ക് തന്നെ വലിയ നിരാശാബോധം ഉണ്ടാകു വാനും കാരണമാകുന്നു.

യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും നിരാശാ ബോധം ഉണ്ടാകാതിരിക്കാനുമുള്ള സമൂഹത്തി ന്റേയും വ്യക്തികളുടേയും ശ്രമകരമായ പരിശ്രമ മാണ് സന്തോഷകരമായ ജീവിതത്തിന് അടിസ്ഥാന മാകുന്നത്.

# ബഹിഷ്ക്കരണം

നമ്മുടെ രാജ്യം ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്നവരാലാണ് ഭരിക്കപ്പെടുന്നത്. ഭാരതത്തിന് സ്വന്തമായ ഭരണഘടനയും ഭരണഘടന അനുശാസിക്കും വിധമുള്ള ഭരണ സംവിധാനങ്ങളുമുണ്ട്. കാലാകാലങ്ങളിൽ ഭരണഘടനയിൽ കൂട്ടി ചേർക്കലുകളും ഭേദഗതികളുമൊക്കെ വരുത്തപ്പെടുന്നു. ലജിസ്ലേറ്റീവും ജുഡീഷ്യറിയും എക്സിക്യൂട്ടീവ് സംവിധാനങ്ങളുമൊക്കെയാണ് ജനാധിപത്യത്തിന്റെ നെടുംതൂണുകളായി കണക്കാക്കപ്പെടന്നത്. നാലാമത്തെ നെടുംതൂണായി ജനാധിപത്യത്തിൽ കണക്കാക്കപ്പെടുന്നത് മാധ്യമങ്ങളെയാണ്. ഈ നാല് നെടുംതൂണുകളും ജനാധിപത്യത്തിലെ കാവലാളുകളായി കണക്കാക്കുന്നു. ജനാധിപത്യ സംവിധാനത്തിലെ ഈ നെടുംതൂണുകളുടെ പാളിച്ചകൾ ജനങ്ങളുടെ ജീവിത നിലവാരത്തിലെ ബഹുമുഖ വീഴ്ചകൾക്ക് കാരണമാകുന്നു.

ഇന്ത്യ പോലുള്ള ജനാധിപത്യ രാഷ്ട്രങ്ങളിൽ കൂടുതൽ വോട്ടുനേടി അധികാരത്തിന്റെ അകത്തളങ്ങളിലെത്തിപ്പെടാനുള്ള തത്രപ്പാടുകളിൽ ജനാധിപത്യ മൂല്ല്യങ്ങളൊക്കെ പലപ്പോഴും പണയം വയ്ക്കാറുണ്ട്. പാർലമെന്റിലും നിയമസഭയിലുമൊക്കെ ഭരണഘടനാപരമായ ഭൂരിപക്ഷം നേടുന്നതിനായി രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ആശയപരമായ അടി

സ്ഥാനത്തിലല്ലാതെ അധികാരം പങ്കിട്ടും ജനപ്രതിനിധികൾ കാലുമാറിയുമൊക്കെ ഭരണം കയ്യടക്കാറുണ്ട്.

മാധ്യമങ്ങളെ ഭീഷണിപ്പെടുത്തിയും പ്രലോഭനങ്ങൾ നൽകിയും മറ്റു പ്രീണനങ്ങളുമായുമൊക്കെ അവയെ വരുതിയിലാക്കാൻ രാഷ്ട്രീയ ഭരണ കൂടങ്ങൾ ജനാധിപത്യത്തിലും ശ്രമിക്കാറുണ്ട്.

നമ്മുടെ ജനാധിപത്യത്തിൽ പല പ്രമുഖ രാഷ്ട്രീയവും ഭരണപരവുമായ സ്ഥാനങ്ങളിൽ എത്തിപ്പെട്ടവർ മാധ്യമങ്ങൾ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്ന ഇമേജിനാലാണ് ആ സ്ഥാനങ്ങളിൽ എത്തിപ്പെടുന്നതും. ഭരണ രാഷ്ട്രീയ നേതൃത്വങ്ങളെ മാധ്യമങ്ങളും നിലനിൽപ്പിന്റെ ഭാഗമായും മറ്റു പലവിധ നേട്ടങ്ങൾക്കായുമൊക്കെ സഹായിക്കുന്നു.

തങ്ങൾ ആരാധനമൂർത്തികളായി കൊണ്ടുനടക്കുന്ന വ്യക്തികളേയും പ്രസ്ഥാനങ്ങളേയും അവർ രാഷ്ട്രീയത്തിലായാലും സിനിമയിലായാലുമൊക്കെ മാധ്യമവിചാരണ ചെയ്യപ്പെടുമ്പോൾ ചെറുതുംവലുതുമായ സമൂഹങ്ങൾക്ക് സഹിക്കാൻ കഴിയണമെന്നില്ല.

സമൂഹത്തിൽ സംഘടിതമായി മുന്നേറ്റം നടത്തി ജനങ്ങളെ കൊള്ളയടിക്കാനും തെറ്റിദ്ധരിപ്പിക്കാനുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ ശ്രമങ്ങളെ സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.

രാഷ്ട്രീയപാർട്ടികൾ സ്വന്തമായി നടത്തുന്ന മാധ്യമങ്ങളെ നിഷ്പക്ഷരായ ജനവിഭാഗങ്ങൾ ബഹിഷ്ക്കരിക്കുന്നത് സാധാരണമാണ്. എന്നാൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭരണകൂടങ്ങളും ജനാധിപത്യത്തിലെ ഭരണഘടനാപരമായ സ്ഥാപനങ്ങളുമൊക്കെ മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും വ്യക്തവും ഊഷ്മളവുമായ മറുപടി നൽകേണ്ടതുണ്ട്.

ജനാധിപത്യത്തിൽ മാധ്യമ സ്വാതന്ത്ര്യത്തിന് ഏതെങ്കിലും തരത്തിൽ കൂച്ചുവിലങ്ങ് ഏർപ്പെടുത്തുന്നത് പൊറുക്കാനാവത്തതാണ്. ഏതെങ്കിലുമൊരു മാധ്യമത്തെ വ്യക്തി എന്ന നിലയിൽ ബഹിഷ്ക്കരിക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായി കരുതാമെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭരണ സാരഥ്യം വഹിക്കുന്നവരും മറ്റു ജനാധിപത്യ സംവിധാനങ്ങളിലെ നെടുംതൂണുകളുമെല്ലാം ഏതെങ്കിലുമൊരു മാധ്യമത്തെ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുന്നത് ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്നു.

## ദേശീയതയും മനുഷ്യരും

ഏതൊരു രാജ്യത്തിന്റേയും ശക്തമായ കെട്ടുറപ്പിന് ഏറെ ആവശ്യമായി വരുന്ന ഒന്നാണ് ദേശീയതയിലൂന്നിയ അവബോധം. ദേശീയതയുടെ പേരിൽ എത്രത്തോളം മാനുഷികത ചവിട്ടി മെതിപ്പെടുന്നു എന്നതും അത്രത്തോളം തന്നെ ചിന്തിക്കപ്പെടേണ്ട കാര്യം തന്നെയാണ്. ആധുനിക ലോകത്തിൽ അതിരുകളില്ലാത്ത ലോകത്തെ വിഭാവനം ചെയ്യുമ്പോൾ മാനുഷിക പരിഗണനകൾക്ക് കൂടുതൽ മുൻഗണന ലഭിക്കുന്നു. അതുകൊണ്ടുതന്നെ എത്രത്തോളം സമ്പത്ത് അതിർത്തി കാക്കാൻ നമുക്ക് ഉപയോഗിക്കേണ്ടതുണ്ട് എന്നതും പരിഗണിക്കേണ്ടതാണ്.

ഭാരതത്തെ പോലുള്ള രാജ്യത്ത് എല്ലാവർക്കും വിദ്യാഭ്യാസം എന്നതും എല്ലാവർക്കും ആരോഗ്യ സുരക്ഷ എന്നതും എല്ലാ മേഖലയിലും എല്ലാവർക്കും സാമൂഹിക സെക്യൂരിറ്റി നൽകാനും കഴിയേണ്ടിയിരിക്കുന്നു. എല്ലാ പൗരന്മാർക്കും ആധുനിക സമൂഹത്തിനൊത്തവിധം എത്രത്തോളം പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നു എന്നത് പ്രധാനമാണ്. എല്ലാവർക്കും വിദ്യാഭ്യാസം എല്ലാവർക്കും ആരോഗ്യം എല്ലാവർക്കും പാർപ്പിടം എന്നപോലെ എല്ലാവർക്കും സാമൂഹിക സുരക്ഷ എന്നതിന് തന്നെയാണ് ഓരോ രാജ്യവും പ്രാധാന്യം

നൽകേണ്ടത്. അതിരുകളില്ലാത്ത ലോകത്തിൽ ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാനും കഴിയുന്നു.

ഏതൊരു രാജ്യവും അവരുടെ പൗരന്മാരുടെ ഐഡന്റിറ്റി തീർച്ചയായും അടയാളപ്പെടുത്തേണ്ടതു ണ്ട്. അങ്ങനെ തന്നെയാണ് ഓരോ പൗരന്മാരേയും അതത് രാജ്യത്തിലെ പൗരന്മാരാണെന്ന് തിരിച്ചറിയ പ്പെടുന്നതും സാമൂഹികമായി ഓരോ പൗരന്മാരോടു മുള്ള കടമ ആ രാജ്യത്തിന് നിവേറ്റപ്പെടാൻ കഴിയു ന്നതും. അതിരുകളില്ലാത്ത ലോകത്തിൽ അങ്ങനെ പൗരന്മാരോട് ഭരണാധികാരികൾ നിറവേറ്റപ്പെടേണ്ട സാമൂഹിക സുരക്ഷ എന്ന വലിയ ചുമതലകൾ നിറ വേറ്റപ്പെടാൻ കഴിയുന്നു.

സാമ്പത്തിക സുസ്ഥിരതക്കായി എല്ലാ രാജ്യങ്ങളും പ്രത്യേക പരിഗണന നൽകുന്നു. സാമ്പത്തിക സുസ്ഥിരതയുള്ള സാഹചര്യത്തിൽ മാത്രമെ പണത്തിന്റെ വിനിമയ നിരക്കുകൾ ഇടിഞ്ഞു പോകാതിരിക്കാനും ജനങ്ങളോടുള്ള വ്യ ക്തമായ ചുമതല ഓരോ രാജ്യത്തിനും നിർവ്വഹി ക്കാനും കഴിയുകയുള്ളൂ. അതിർത്തി കാക്കാൻ വളരെ കുറഞ്ഞ സമ്പത്ത് വിനിയോഗിക്കേണ്ടി വരു ന്നുള്ളൂ എന്നതും പൗരന്മാരുടെ ഐഡന്റിറ്റി ഉള്ളതി നാൽ അവരെ തിരിച്ചറിയാനും പൗരന്മാരോടുള്ള കടമ ഏതു ദുർഘടമായ സാഹചര്യത്തിലും നിറവേ റ്റാൻ കഴിയുകയും ചെയ്യുന്നു.

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ദേശീയതയുടെ ശക്തിയിലാണ് നേടിയെടുത്തതെങ്കിലും പിന്നീട് വൈകാരീകത വളർന്ന് അത് ജാതിയുടേയും മതത്തിന്റേയും പേരിൽ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെടേണ്ടി വരികയും ചെയ്തു. മാനുഷികതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ദേശീയതയുടെ പേരിൽ എത്രത്തോളം പോരടിക്കാമെന്നുള്ള തിരിച്ചറിവുണ്ടാവുകയും അതിരുകളില്ലാത്ത ലോകം ഉണ്ടാവുകയും ചെയ്യട്ടെ എന്നു പ്രതീക്ഷിക്കാം. .

## ഗുരുനാഥന്മാർ

ഓരോരുത്തരുടേയും ജീവിതത്തിൽ ഏറെ ബന്ധപ്പെട്ടു കിടക്കുന്ന വ്യക്തിത്വങ്ങളാണ് ഗുരുനാഥന്മാർ. ഓരോ വ്യക്തിയുടേയും വ്യക്തിത്വ രൂപീകരണത്തിൽ ഏറെ സ്വാധീനിക്കുന്നവരുമാണ് ഗുരുനാഥന്മാർ. മാതാപിതാ ഗുരുദൈവം എന്ന പ്രയോഗം തന്നെ മാതാപിതാക്കളോടും ദൈവത്തോടുമുള്ള സമാനമായ സ്ഥാനം തന്നെയാണ് ഗുരുനാഥന്മാർക്കുള്ളതും എന്നു വ്യക്തമാക്കുന്നു.

ഒരാളുടെ വ്യക്തിത്വം രൂപപ്പെടുന്നത് പ്രായപൂർത്തിയാകുന്നതിന് മുമ്പുതന്നെയാണ് എന്നതുകൊണ്ട് കുടുംബത്തിൽ നിന്നുമെന്നപോലെ വ്യക്തിത്വ രൂപീകരണത്തിൽ ഗുരുനാഥന്മാരും വ്യക്തമായ പങ്കു വഹിക്കുന്നു. വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ വ്യക്തമായ സ്വാധീന ഘടകമാകാൻ ഗുരുനാഥന്മാർക്ക് കഴിയുന്നു.

വ്യക്തിത്വ രൂപീകരണ കാലഘട്ടത്തിൽ വിദ്യാർത്ഥി എന്ന നിലയിൽ വീട്ടിൽ ചിലവഴിക്കുന്നതിനേക്കാൾ കൂടുതൽ സമയം വിദ്യാലയങ്ങളിലായിരിക്കും ചിലവഴിക്കുക. അതുകൊണ്ടുതന്നെ ഗുരുനാഥന്മാരാണ് ഓരോ വിദ്യാർത്ഥിയേയും ചിട്ടപ്പെടുത്തിയെടുക്കുന്നതിൽ മാതാപിതാക്കളോടൊപ്പം പ്രധാന പങ്കു വഹിക്കുക.

നമ്മുടെ അദ്ധ്യയന സ്ഥാപനങ്ങൾ പ്രധാനമായും സ്വകാര്യ മേഖലയിലാണ് എന്നത് കൊണ്ടുതന്നെ മറ്റിതര സർക്കാർ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള അപചയങ്ങളായ കൈക്കൂലി, അഴിമതി, വൃത്തിയില്ലായ്മ, കമ്പ്യൂട്ടർവൽക്കരണത്തോടുള്ള എതിർപ്പ് എന്നിവയിൽ നിന്നും രക്ഷപെടുവാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ ഗുരുനാഥന്മാർ മേന്മയേറിയവരായിരുന്നു എന്നു കാണാവുന്നതാണ്.

കേരളത്തിലെ സ്ക്കൂൾതല വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളീകരിക്കുക വഴി മലയാളം മീഡിയമാക്കിയ വിദ്യാർത്ഥികൾക്ക് ഉന്നത പഠനം ദുഷ്ക്കരമാക്കി. അതോടുകൂടി കൂടുതൽ കൂടുതൽ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് മാതൃഭാഷയിലുള്ള പഠനം ഉപേക്ഷിക്കേണ്ടി വന്നു. തീർച്ചയായും മാതൃഭാഷയിലുള്ള പഠനം എളുപ്പമുള്ളതും പഠനത്തോടൊപ്പം ഗുരുനാഥന്മാരോട് എളുപ്പത്തിൽ സംവദിക്കാനും കഴിയുന്ന ഘടകമാണ്.

കേരളത്തിലെ വിദ്യാഭ്യാസ രീതിയിൽ പത്താംതരം പാസ്സായ വിദ്യാർത്ഥികൾക്ക് തങ്ങളുടെ അഭിരുചിക്കൊത്തവിധം വിഷയങ്ങൾ തിരഞ്ഞെടുക്കാൻ കഴിയുന്നില്ല.

ഗുരുനാഥന്മാരോടൊപ്പം ചിലവഴിക്കുന്ന നാളുകൾ മറക്കാനാവാത്ത പല ഓർമ്മകളും സമ്മാ

നിക്കുന്നു. പഠനത്തോടൊപ്പം ഗുരുനാഥന്മാരുമായി സംവദിക്കുന്ന ലോകകാര്യങ്ങളും അവർ സമ്മാനിക്കുന്ന വിജ്ഞാന മേഖല തന്നെയാണ്. സമൂഹത്തിലെ സ്വാധീന ഘടകങ്ങളായ സിനിമയും സീരിയലും എന്നുവേണ്ട സോഷ്യൽ മീഡിയയെപ്പറ്റിയുള്ള സമീപനവുമൊക്കെ എങ്ങനെയായിരിക്കണമെന്നു പോലും രൂപപ്പെടുന്നതിൽ ഗുരുനാഥന്മാർക്കുള്ള സ്വാധീനം വളരെ വലുതാണ്. ജാതിയും മതവും ആത്മീയതയുമൊക്ക എങ്ങനെ എത്രത്തോളം നമ്മളെ ശരിയാംവണ്ണം സ്വാധീനിക്കേണ്ടതുണ്ട് എന്നതുപോലും തീരുമാനിക്കപ്പെടുന്നതിൽ മാതാപിതാക്കളോടൊപ്പം ഗുരുനാഥന്മാരും പങ്കുവഹിക്കുന്നു.

ചുരുക്കത്തിൽ നല്ല ഗുരുനാഥന്മാരുമായി ഇടപെടുവാൻ സാഹചര്യം ലഭിക്കുക എന്നതും നല്ലൊരു ഗുരുനാഥനാകാൻ കഴിയുക എന്നും വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്.

## <u>പൊതുമേഖല സ്ഥാപനങ്ങൾ</u>

സാമ്പത്തീകമായും ഭരണപരവുമായ സർക്കാർ സഹായത്താൽ രൂപപ്പെടുത്തിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളെയാണ് പൊതുമേഖല സ്ഥാപനങ്ങൾ എന്നു പറയുന്നത്. രാജ്യത്ത് പൊതുമേഖല സ്ഥാപനങ്ങളും സ്വകാര്യ മേഖല സ്ഥാപനങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുകയും ഈ രണ്ടുതരം സ്ഥാപനങ്ങളുടേയും സത്ഗുണങ്ങളുമായുള്ള സമ്പത്ത് വ്യവസ്ഥാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്.

സ്വകാര്യ മേഖല മടിച്ചു നിൽക്കുന്ന വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളും ആരംഭിച്ചത് രാജ്യത്തിന്റെ വ്യവസായിക ഉണർവ്വിന് ഉത്തേജനം നൽകി. മുന്തിയ വേതനവും മുന്തിയ ആനുകൂല്ല്യങ്ങളുമായി മുന്നോട്ടു പോകുന്ന പൊതുമേഖല സ്ഥാപനങ്ങളുമായി മത്സരിക്കാൻ സ്വകാര്യ മേഖലക്ക് കഴിയുകയില്ല. അതുകൊണ്ടുതന്നെ പൊതുമേഖല സ്ഥാപനങ്ങൾ പൊതുവെ രാജ്യത്തെ ഖജനാവിന്റെ ബാദ്ധ്യതയായി നിലനിൽക്കുന്നു. ഇത്തരം പൊതുമേഖല സ്ഥാപനങ്ങൾക്കായുള്ള മുടക്കുമുതലിനു പുറമെ അവയുടെ ദൈനംദിന ചിലവു

കൾക്കായി പോലും സർക്കാർ ഖജനാവിൽ നിന്നും പണം കണ്ടെത്തേണ്ടി വരാറുണ്ട്.

പൊതുമേഖല സ്ഥാപനങ്ങളുടെ പൊതുസ്വഭാവമായി പറയാനുള്ളത് അവിടെ നിലനിൽക്കുന്ന അഴിമതി, കൈക്കൂലി, വൃത്തിയില്ലായ്മ, കമ്പ്യൂട്ടർവത്ക്കരണത്തോടും ആധുനീകവത്ക്കരണത്തോടുമുള്ള എതിർപ്പ് എന്നിവയാണ്. നമ്മുടെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനമായ റെയിൽവെയിലെ വൃത്തിയില്ലായ്മയും വളരെ പ്രാകൃതമായ കക്കൂസ്സുകളുമൊക്കെ അത്തരം സ്ഥാപനങ്ങളുടെ നിലവാരമില്ലായ്മ വ്യക്തമാക്കുന്നു. പൊതുമേഖല സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണത്തോടും ആധുനീകവത്ക്കരണത്തോടുമുള്ള എതിർപ്പും താത്പ്പര്യമില്ലായ്മയും മൂലം നമ്മുടെ രാജ്യം ഏതാണ്ട് നൂറ്റാണ്ട് തന്നെ പിന്നോക്കം പോയി എന്നു പറയേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലും ആരോഗ്യ മേഖലയിലും മുന്നിട്ട് നിൽക്കുന്ന കേരളത്തിലെ യുവജനങ്ങൾ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖല സ്ഥാപനങ്ങളിലും ജോലിക്ക് കയറുവാനായി കാലങ്ങളോളം കാത്തിരിപ്പ് നടത്തുന്നു. കേരളത്തിൽ പൊതുവെ വ്യവസായ അന്തരീക്ഷമില്ലാത്തതിനാൽ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് വളരെ കുറച്ച് മാത്രമെ വളർച്ച നേടുവാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ കേരളത്തിലെ യുവജനങ്ങൾ ഉയർന്ന വേതന സേവന വ്യവസ്ഥ നിലനിൽക്കുന്ന സർക്കാർ സർവ്വീസിലൊ പൊതുമേഖല സ്ഥാപന

ങ്ങളിലൊ ജോലി ലഭിക്കാതെ വരുമ്പോൾ മാന സീക ആഘാതത്താൽ ആത്മഹത്യ പോലുള്ള മേഖ ലയിലേക്ക് വഴിമാറുന്നു.

മിക്സഡ് എക്കണോമി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് പൊതുമേഖല സ്ഥാപനങ്ങളിൽ സ്വകാര്യ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്ന സേവന വേതന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഇത് ഒന്നാം തരം പൗരന്മാ രേയും രണ്ടാം തരം പൗരന്മാരേയും സൃഷ്ടിക്കുന്നു മുണ്ട്. അതുകൊണ്ട് തന്നെ അഞ്ചൊ പത്തൊ ശത മാനത്തിൽ കൂടുതൽ സേവന വേതന വ്യവസ്ഥയി ലൂന്നിയുള്ള ആനുകൂല്ല്യങ്ങൾ പൊതുമേഖല സ്ഥാപനങ്ങൾ നൽകുന്നത് പ്രോത്സാഹിപ്പിക്കപ്പെട രുത്.

കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ കാര്യപ്രാപ്തിയും കാര്യക്ഷമതയുമുള്ള യുവത വൻതോതിലാണ് അവരുടെ ജീവിത നിലവാരമു യർത്താനായി അന്യരാജ്യത്തിലേക്ക് കുടിയേറുന്ന ത്. ഇത് അധികം വൈകാതെ ആനയും പാപ്പാനുമി ല്ലാതെ തോട്ടി മാത്രം അവശേഷിക്കുന്ന വിനാശകര മായ അവസ്ഥയിലേക്ക് കേരളം എത്തിപ്പെടാൻ ഇട യാക്കും.

നമ്മുടെ സംസ്ഥാനമായ കേരളത്തിന് ഒരു വ്യവസായ സംസ്ക്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. സർക്കാരിനു തന്നെ പണം നിക്ഷേപിക്കാൻ തയ്യാറു ള്ളവരിൽ നിന്നും സ്ഥാപനങ്ങളുടെ ഷെയറുകൾ

നൽകി പണം സ്വരുക്കൂട്ടി പുതിയ പുതിയ വ്യവസായ സംരഭങ്ങൾ ആരംഭിച്ചും വ്യവസായ അന്തരീക്ഷം വളർത്തിയെടുക്കാവുന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കേരളത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾ മുന്നിട്ടിറങ്ങിയില്ലെങ്കിൽ വളരെ ഗുരുതരമായ വിപത്താണ് കാത്തിരിക്കുന്നത്.

കേരളത്തിലെ പൗരന്മാർ പൊതുമേഖല സ്ഥാപനങ്ങളെ പൊതുവെ നോക്കിക്കാണുന്നത് സർക്കാർ നികുതി പണം ദുർവിനിയോഗം ചെയ്യുന്ന സ്ഥാപനങ്ങളായിട്ടാണ്. സംസ്ഥാന ഖജനാവിന് ഇത്തരം പൊതുമേഖല സ്ഥാപനങ്ങൾ ബാധ്യതയായി മാറുന്നതു കൊണ്ടാണ് ഇത്തരം സ്ഥാപനങ്ങളെ നികുതിപ്പണം ദുർവിനിയോഗം ചെയ്യുന്ന സ്ഥാപനങ്ങളായി കണക്കാക്കുന്നത്. പുതിയ നൂറ്റാണ്ടിലെ ഏതൊരു സർക്കാരിനും അവരുടെ പൗരന്മാരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ബാധ്യതകൂടി സംസ്ഥാന ഖജാനവിന് നിർവ്വഹിക്കേണ്ടി വരുന്നതിനാൽ പൗരന്മാർക്ക് നൽകേ സാമൂഹ്യ സുരക്ഷയൊ മുന്തിയ ജീവിത സാഹചര്യമൊ ഒരുക്കുവാൻ മാറി മാറി വരുന്ന സർക്കാരുകൾക്ക് കഴിയുന്നില്ല.

തൊഴിൽ മേഖലയിൽ കൂടിയ വേതനവും കൂടിയ തൊഴിൽ ആനുകൂല്ല്യങ്ങളും ആഗ്രഹിക്കാത്ത മനുഷ്യരില്ല. പൊതുമേഖ സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലുമുള്ള ഇത്തരം ആനു

കൂല്ല്യങ്ങളുടെ അന്തരം രാജ്യത്തിലെ യുവതയുടെ ആത്മവിശ്വാസം നശിപ്പിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു.

നമ്മുടെ സംസ്ഥാനമായ കേരളം ആരോഗ്യ ത്തിലും വിദ്യാഭ്യാസത്തിലും മുന്നിട്ട് നിൽക്കുന്ന തിൽ സ്വകാര്യ മേഖല വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സർക്കാർ മേഖലയിലെ ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ ങ്ങൾ വേണ്ടുംവിധം വർദ്ധിപ്പിക്കാത്തത് പൊതുജന ങ്ങളോടുള്ള വെല്ലുവിളിയാണ്. സ്വകാര്യ മേഖ ലയെ പ്രോത്സാഹിപ്പിക്കുക വഴി സംസ്ഥാനത്തിലെ തൊഴിലില്ലായ്മക്കും സാമ്പത്തീക പ്രതിസന്ധിക്കും പരിഹാരം കാണാൻ കഴിയുന്നു.

ചുരുക്കത്തിൽ സർക്കാരിന്റെ കടമ സമൂഹ ത്തിലെ നീതിന്യായ വ്യവസ്ഥ കൃത്യമായി നടപ്പിലാ വുന്നുണ്ടെന്നു ഉറപ്പ് വരുത്തുകയും സമൂഹത്തിലെ എല്ലാ പൗരന്മാർക്കും ആവശ്യമായതും കാലഘട്ട ത്തിനനുസൃതവുമായ സാമൂഹ്യ സുരക്ഷ ഒരുക്കലു മാണ്.

## സുകൃതികൾ

സത്പ്രവൃത്തികൾ ചെയ്യുന്നവരെന്നൊ ഭാഗ്യം ചെയ്തവർ എന്നൊ ആണ് നമുക്ക് സുകൃതികൾ എന്ന പദം കൊണ്ട് വിവക്ഷ ചെയ്യാവുന്നത്. വ്യക്തി എന്ന നിലയിൽ നല്ല പ്രവൃത്തികൾ ചെയ്ത് ജീവിക്കുന്ന വ്യക്തിത്വങ്ങളെ സുകൃതികൾ എന്നു പറയാം.

സുകൃതികളായ വ്യക്തിത്വങ്ങളുടെ കൂട്ടായ്മയായ സമൂഹത്തെയാണ് നമ്മൾ എന്നും വിഭാവനം ചെയ്യുന്നത്. ആ സമൂഹത്തിനു മാത്രമെ കേരളീയന്റെ സ്വപ്നമായ കള്ളവും ചതിയുമില്ലാത്ത ലോകക്രമത്തിലേക്ക് എത്തിപ്പെടാൻ കഴിയുകയുള്ളൂ.

വിദ്യ നേടാൻ എത്തിയവനെ സംബന്ധിച്ചിടത്തോളം അവന് വേണ്ടുംവിധം വിദ്യ പറഞ്ഞുകൊടുക്കുകയും നേരാംവണ്ണം മികച്ച വ്യക്തിത്വത്തിന് രൂപം കൊടുക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്നവരാണ് അദ്ധ്യാപകർ. അദ്ധ്യാപകനായാലും മറ്റിതര മേഖലയിലുള്ളവരായാലും മെച്ചപ്പെട്ട രീതിയിൽ തന്റെ കടമകൾ നിർവ്വഹിക്കുന്നവരെ തന്നെയാണ് സുകൃതികളായി കണക്കാക്കാവുന്നത്.

ഓഫീസ് ജോലി ചെയ്യുന്നയാളെ സംബന്ധിച്ചാണെങ്കിൽ ഓഫീസിലേക്ക് കാര്യസാധ്യത്തിനായി എത്തുന്നവർക്ക് വേണ്ടുംവിധം സഹായകമായ നിലപാട് സ്വീകരിക്കുന്നവരെ സുകൃതികൾ എന്നു വിശേഷിപ്പിക്കാം.

മഹത്വമുള്ള പ്രവൃത്തികൾ ചെയ്ത് സമൂഹത്തിനെ ചലനാത്മകമായ സമൂഹമായി മാറ്റിയെടുക്കുന്നവരെ തീർച്ചയായും സുകൃതികൾ എന്നു വിശേഷിപ്പിക്കേണ്ടതുണ്ട്.

കുടുംബത്തെ എടുക്കുകയാണെങ്കിൽ കുടുംബനാഥൻ എന്ന നിലയിലൊ കുടുംബനാഥ എന്ന നിലയിലൊ മേന്മയേറിയ കടമ നിർവ്വഹിക്കുന്നവരെ ആ പശ്ചാത്തലത്തിൽ സുകൃതികൾ എന്നു വിശേഷിപ്പിക്കാം. അച്ഛൻ എന്ന നിലയിലും അമ്മ എന്ന നിലയിലും മുത്തച്ഛൻ എന്ന നിലയിലും മുത്തശ്ശി എന്ന നിലയിലും തന്റേതായ കടമകൾ നിർവ്വഹിക്കേണ്ടതുണ്ട്.

പൗരൻ എന്ന നിലയിൽ ഓരോരുത്തർക്കും ആ രാജ്യത്തോട് വ്യക്തമായ കടമകളുണ്ട്. ഒരു പൗരൻ എന്ന നിലയിൽ ഒരുവന് അവന്റെ കടമ നിർവ്വഹിക്കുകയാണെങ്കിൽ അവരെ സുകൃതികൾ എന്നു പറയേണ്ടതുണ്ട്.

നീതിന്യായ വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന പ്രവൃത്തികൾ ചെയ്യുന്നവരെല്ലാം തന്നെ സമൂഹത്തെ ദുഷിപ്പിക്കുന്നവരാണ്. പൊതുവിടങ്ങളിൽ

വിസർജ്ജ്യങ്ങൾ നിക്ഷേപിക്കുന്നതുൾപ്പടെ കാര്യങ്ങളും നീതിന്യായ വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന പ്രവൃത്തികളിൽ പെടുന്നു എന്നതാണ് വാസ്തവം.

സത്പ്രവൃത്തികളിലൂടെ സമൂഹത്തെ നയിക്കുന്നതിലും കാലഘട്ടത്തിനൊത്തവിധം സമൂഹത്തെ രൂപപ്പെടുത്തുന്നതിലും വ്യക്തമായ പങ്ക് വഹിച്ച ഒട്ടേറെ വ്യക്തിത്വങ്ങളെ കാണാൻ കഴിയും. അത്തരം സുകൃതികളിൽ രാഷ്ട്രപിതാവായ മഹാത്മഗാന്ധി പ്രത്യേകം എടുത്ത പറയേണ്ട വ്യക്തിത്വമാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയോടൊപ്പം സ്വാതന്ത്ര്യത്തിനായി യത്നിച്ച സ്വാതന്ത്ര്യ കാലഘട്ടത്തിലുള്ളവരുമെല്ലാം ഓരോ ഭാരതീയനെ സംബന്ധിച്ച് സുകൃതം ചെയ്തവർ തന്നെയാണ്.

ഒരു സമൂഹത്തിനെ സുകൃതികളുടെ കൂട്ടമായി വളർത്തിയെടുക്കണമെങ്കിൽ അവിടത്തെ ഭരണാധികാരികൾ സുകൃതികളാകേണ്ടതുണ്ട്. അതുകൊണ്ടു തന്നെ ജനാധിപത്യത്തിൽ ധാർമ്മികതയും ഉന്നത ചിന്തകളും അർപ്പണ മനോഭാവവുമുള്ള ഭരണാധികാരികളെ തിരഞ്ഞെടുത്താൽ മാത്രമെ ആ സമൂഹത്തെ ഈ നൂറ്റാണ്ടിനൊത്തവിധം രൂപപ്പെടുത്തിയെടുക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

## ജവഹർലാൽ നെഹ്റു-രാഷ്ട്രശിൽപ്പി

സ്വാതന്ത്ര്യാനന്തര ഭാരതത്തിനെ മഹത്തായൊരു രാജ്യമായി രൂപം കൊടുക്കുക എന്ന ദുഷ്ക്കരമായ സാഹചര്യത്തിലാണ് ശ്രീ.ജവഹർലാൽ നെഹ്റു ഭാരതത്തിന്റെ ഭരണ നേതൃത്വം ഏറ്റെടുക്കുന്നത്. ധാർമ്മിക ബോധമുള്ള മഹത്തായ നേതൃത്വമായിരുന്നു സ്വതന്ത്രാനന്തര ഭാരതത്തിന്റെ ഭരണത്തിൽ നേതൃത്വം കൊടുത്തവർ എന്നതായിരുന്നു എടുത്ത് പറയുവാനുള്ളത്. അതുകൊണ്ടുതന്നെ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ കൂട്ടായ യത്നത്തിന്റെ ഫലമായി പലവിധ പ്രതിസന്ധികളെയും ഭാരതത്തിനു തരണം ചെയ്യാൻ കഴിഞ്ഞു.

ഒരു വലിയ രാജ്യത്തെ ജാതിയുടെയും മതത്തിന്റെയും പേരിൽ രണ്ടായി വിഭജിക്കേണ്ടി വന്നെങ്കിലും അതിലെ പ്രധാന ജനവിഭാഗം നിലകൊള്ളുന്ന ഒരു ഭാഗത്തെ മതേതര രാഷ്ട്രമായി രൂപപ്പെടുത്താൻ അക്കാലത്തെ ഭരണ നേതൃത്വത്തിന് കഴിഞ്ഞിരുന്നു. രണ്ടു രാജ്യമായി മാറിയതിലൂടെ അശാന്തിയുടെ ഇടങ്ങളായി മാറിയ കൂടുതൽ അരക്ഷിതമായ അന്തരീക്ഷത്തെ തരണം ചെയ്യാൻ തീർച്ചയായും ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്വാതന്ത്ര്യം നേടിയതിനു ശേഷം രാജ്യത്തിന്റെ സാമ്പത്തിക മേഖല ഒരു മിക്സഡ് സാമ്പത്തിക മേഖലയായി തീരുമാനിച്ച് ഇവിടെ വ്യവസായികൾ മടിച്ചു നിന്ന മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാനും അതുവഴി ഭാരതത്തെ സ്വയം പര്യാപ്തമായ ഒരു രാജ്യമാക്കി മാറ്റാനുള്ള ശ്രമകരമായ ഉന്നമനത്തിന് ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിന് കഴിഞ്ഞു. സോഷ്യലിസത്തിന്റേയും മുതലാളിത്വത്തിന്റേയും സത്ഗുണങ്ങൾ സമന്വയിച്ചതാണ് നമ്മുടെ മിക്സഡ് എക്കോണമി എന്നു പറയുമ്പോഴും യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ അവശ്യമേഖലയിൽ മാത്രം സർക്കാർ സ്ഥാപനങ്ങളും മറ്റിതര മേഖലകളിൽ സ്വകാര്യ സംരഭകരെ പ്രോത്സാഹിപ്പിക്കാനുമാണ് ശ്രമിച്ചിരുന്നുവെങ്കിൽ കൂടുതൽ വ്യവസായികൾ നമ്മുടെ രാജ്യത്തെ പരിപോഷിപ്പിക്കുമായിരുന്നു എന്ന വാദവും നിലനൽക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് പ്രധാനമായ വികസന മുരടിപ്പിനു കാരണം ഇത്തരം സർക്കാർ-പൊതുമേഖലയിലെ കുത്തഴിഞ്ഞ സംവിധാനങ്ങളെ പരിപോഷിപ്പിക്കുന്നു എന്നതാണ്.

നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ മനുഷ്യ വിഭവശേഷി ആവശ്യത്തിലധികമുണ്ടായിരുന്നുവെങ്കിലും മറ്റിതര വിഭവങ്ങളുടെ അഭാവം പ്രകടമായിരുന്നു. മൂന്നു നേരം ഭക്ഷണം കഴിക്കാൻ അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഇല്ലാതാക്കാൻ ജവഹർലാൽ നെഹ്റു എന്ന രാഷ്ട്രശില്പിക്ക് ഏറെക്കുറെ കഴി

ഞ്ഞിരുന്നു. മനുഷ്യവിഭവശേഷി ആവശ്യത്തിലധി കമുള്ളതിനാൽ കേരളത്തപ്പോലുള്ള സംസ്ഥാന ങ്ങൾ കാളയെപ്പൂട്ടിയുള്ള കാർഷിക രീതി മതി എന്ന തീരുമാനമാണ് എടുത്തതെങ്കിലും ഭാരതം നവീന രീതികളോട് സമന്വയിക്കുന്ന രീതിയാണ് കാർഷിക മേഖലയിൽ അവലംബിച്ചത്. അതു കൊണ്ടുതന്നെ ഭാരതീയന് മറ്റു രാജ്യങ്ങളെ ഭക്ഷ്യവ സ്തുക്കൾക്കായി ആശ്രയിക്കേണ്ടി വരുന്നില്ല. ഇതെല്ലാം ഒരു രാഷ്ട്രശിൽപ്പി എന്ന നിലയിൽ ജവ ഹർലാൽ നെഹ്റു എന്ന രാഷ്ട്രശിൽപ്പിയുടെ ദീർഘ വീക്ഷണത്തെയാണ് കാണിക്കുന്നത്.

ഇന്ത്യ എന്ന രാജ്യത്തെ പലവിധ സംസ്ഥാന ങ്ങളായി രൂപപ്പെടുത്തുമ്പോൾ എന്തെല്ലാം പൊല്ലാ പ്പുകളാണ് ഉണ്ടാവുക എന്നത് ഊഹിക്കാവുന്നതെ യുള്ളൂ. അപ്പോഴും എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ സംസ്ഥാനങ്ങൾക്ക് രൂപം നൽകാനും കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. ജവഹർലാൽ നെഹ്റു ഭരണ സാരഥ്യമേറ്റെടുക്കുമ്പോൾ കടുത്ത ജാതിചിന്തയുടെ പേരിലും ബ്രിട്ടീഷ് ഭരണ കൂടുത്തോടുള്ള ആരാധകരുടെ മനോഭാവവും മറികടക്കാൻ അന്നത്തെ ഭരണാധികാരികൾക്ക് കഴി ഞ്ഞിരുന്നു.

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിന് നേതൃ ത്വം കൊടുത്ത മഹാത്മാഗാന്ധിക്ക് സ്വതന്ത്രാനന്തരം ഭരണം ഏറ്റെടുക്കാമെന്നിരിക്കെ യോഗ്യനായ ജവ ഹർലാലിന് പ്രധാനമന്ത്രിപദം ലഭിച്ചു എന്നത് അക്കാലത്തെ രാഷ്ട്രീയ പ്രവർത്തകരുടെ എളി

മയും ധാർമ്മികതയും എത്രമാത്രം ഉയർന്നതായിരുന്നു എന്നു വ്യക്തമാകുന്നു.

ലോകത്തിനു മുമ്പിൽ ചേരിചേരാ നിലപാടുകൾ സ്വീകരിച്ച് ഇന്ത്യയുടെ തനതായ രീതികൾ അവതരിപ്പിക്കാൻ ശ്രീ.ജവഹർലാൽ നെഹൃവിനു കഴിഞ്ഞിരുന്നു.

സ്വതന്ത്ര്യാനന്തര ഭാരതത്തിന്റെ ഭരണത്തിലെത്തിപ്പെട്ട നേതാക്കളിൽ ഉന്നത വിദ്യാഭ്യാസം വിദേശത്തുനിന്നും അല്ലാതെയുമൊക്കെ നേടിയവരുടെ നീണ്ടനിര തന്നെ കാണാവുന്നതിൽ ജവഹർലാൽ നെഹൃവും ഉൾപ്പെടുന്നു. അന്നത്തെ നേതൃത്വവുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം പേരുപോലും കൃത്യമായി ഉച്ഛരിക്കാനറിയാത്തവരും എഴുതാനറിയാത്തവരും ആണ് രാഷ്ട്രീയ സീനിയോറിറ്റിയും ജാതിയുമൊക്കെ പറഞ്ഞ് ഭരണ നേതൃത്വം ഏറ്റെടുക്കുന്നത് എന്നത് എത്രമാത്രം സമൂഹത്തിന്റെ വളർച്ചയെ തടയുന്നു എന്ന് ഇത്തരുണത്തിൽ ആലോചിക്കുന്നത് നല്ലതു തന്നെയാണ്.

സ്വാതന്ത്ര്യം ലഭിക്കുമ്പോൾ അസമാധാനത്തിന്റെ പേരിൽ അതിർത്തിയിലും, ഇന്ത്യക്കകത്തെ ചെറുരാജ്യങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളിലും, കാശ്മീർ ഉൾപ്പെടയുള്ള വിവിധങ്ങളായ പ്രശ്നങ്ങളിലുമൊക്കെ ഇടപെട്ട് അവയെ അതിജീവിച്ച് ഭാരതത്തെ ഏകരാഷ്ട്രമായി നിലനിർത്താൻ കഴിഞ്ഞത് ജവഹർലാൽ നെഹൃ എന്ന രാഷ്ട്രശിൽപ്പിയുടെ മഹത്വം തന്നെയാണ് വിളിച്ചോതുന്നത്.

സ്വാതന്ത്ര്യാനന്തര ഭരണ നേതൃത്വത്തിൽ ധാർമ്മിക ബോധവും മാന്യതയുമുണ്ടായിരുന്നവർ ആയിരുന്നുവെങ്കിൽ ഇന്നാകട്ടെ ധാർമ്മിക ബോധമുള്ളവരേയും മാന്യന്മാരായിട്ടുള്ളവരേയും അധിക്ഷേപിച്ചും താറടിച്ചും ഭരണം പിടിക്കാനുള്ള നേതൃത്യങ്ങളെയാണ് കൂടുതലായി കാണാൻ കഴിയുക. ഇത്തരത്തിലുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളെ ഭാരതത്തിലെ പൗരന്മാർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ ജവഹർലാൽ നെഹ്റു എന്ന രാഷ്ട്രശിൽപ്പി രൂപം കൊടുത്ത ഭാരതത്തിന്റെ യശസ്സിനും ഉയർച്ചയും കോട്ടം തട്ടുമെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

## നെടുമുടി വേണു – ഓർമ്മകളിലൂടെ

നെടുമുടി വേണു സിനിമയിലെ അതുല്ല്യ പ്രതിഭയായിരുന്നു എന്നു പറയുമ്പോഴും ഒട്ടനവധി മറ്റിതര കലാ മേഖലയിൽ എടുത്തു പറയാവുന്ന സ്വാധീനം ഉണ്ടായിരുന്ന വ്യക്തിത്വമായിരുന്നു എന്നു കൂടി കൂട്ടി ചേർക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സമൂഹത്തിൽ ഏറെ സ്വാധീനം ഉള വാക്കുന്ന മേഖലയാണ് സിനിമ. നെടുമുടി വേണു വിനെപ്പൊലുള്ള നടൻ സമൂഹത്തിലെ ഉയർന്ന വ്യ ക്തിത്വമുള്ള ആളായിരുന്നു എന്നതുകൊണ്ട് സിനിമ എന്ന മാധ്യമത്തിലൂടെ പ്രകടനാത്മകമായ സാമൂഹ്യ വളർച്ച സമൂഹത്തിനു സമ്മാനിക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞിട്ടുണ്ട്.

ക്ലാസ്സിക് സിനിമയെന്നൊ ആർട് സിനിമ യെന്നൊ പേരിട്ടു വിളിക്കുന്ന ഒട്ടേറെ സിനിമകളിൽ കഥാപാത്രമായി ജീവിച്ചവതരിപ്പിച്ച നെടുമുടി വേണുവിനെ സിനിമയുള്ളിടത്തോളം മലയാളിക്ക് മറക്കാനാവുന്നതല്ല. മെച്ചപ്പെട്ട അഭിനയം കാഴ്ച വക്കുന്നവരോട് പ്രത്യേക താൽപ്പര്യം പ്രടിപ്പിക്കുന്ന കേരളീയന്റെ നിലപാട് നെടുമുടി വേണുവിനോട് മലയാളി കൂടുതലായി കാണിച്ചിരുന്നതായി കാണാം.

1980കളിലും 1970കളിലുമൊക്കെയുള്ള യുവതയെ ഏറെ സ്വാധീനിക്കാൻ അന്തരിച്ച സിനിമ നടൻ നെടുമുടി വേണുവിനു കഴിഞ്ഞിരുന്നു. അക്കാലത്ത് അദ്ദേഹം സിനിമയിലും അല്ലാതെയുമൊക്കെ അവതരിപ്പിച്ച നാടൻ പാട്ടുകളും ഈണമാർന്ന മൊഴികളുമൊക്ക ഏറ്റു പാടാത്ത യുവതയില്ലായിരുന്നു എന്നു തന്നെ പറയാം.

സോഷ്യൽ മീഡിയയുടെ വരവോടെ സിനിമയെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ അവിടേയും എത്തി. കൂടുതൽ നടീ നടന്മാർ സിനിമ-സീരിയൽ മേഖലയിലേക്ക് എത്തിച്ചേരുകയും പൈങ്കിളി വാരികകളുടെ സ്ഥാനത്തേക്ക് അഭ്രപാളിയെ ഏറെക്കുറെ കൊണ്ടെത്തിക്കുകയും ചെയ്തു.

സിനിമ മേഖലയിൽ സൂപ്പർ സ്റ്റാറായി ഏറെക്കാലം മലയാളികൾക്കിടയിൽ തിളങ്ങുന്നതിനുമപ്പുറം മെച്ചപ്പെട്ട കാഥാപാത്രങ്ങൾ മലയാളികൾക്ക് സമ്മാനിക്കുന്നതിലായിരുന്നു അദ്ദേഹം ശ്രദ്ധയൂന്നിയിരുന്നത്. സൂപ്പർ സ്റ്റാറായി ഏറെക്കാലം മലയാളികൾക്കിടയിൽ തിളങ്ങുന്ന സാഹചര്യമൊരുക്കുന്നതിനായി സാമൂഹികമായ തയ്യാറെടുപ്പുകൾ നടത്തി സിനിമ പ്രേമികളെ വശീകരിക്കാനുമല്ല അദ്ദേഹം ശ്രമിച്ചത്. മനസ്സിൽ ഒരിക്കലും മായാത്ത കഥാപാത്രങ്ങളെ അവതരിപ്പിച്ച് കലാകാരൻ എന്ന തന്റെ മികവ് അടയാളപ്പെടുത്താൻ നെടുമുടി വേണു എന്ന കലാകാരന് കഴിഞ്ഞു. അതുകൊണ്ടു തന്നെയാണ് നെടുമടി വേണു എന്ന കലാകാരന്റെ അകാലത്തിലെ വേർപാട് മറ്റിതര വേർപാടുകളേ

ക്കാൾ തീരാനഷ്ടമായി മാറുന്നത്.  സിനിമ മേഖല കീഴടക്കി ഏറെ നാളുകൾ സൂപ്പർ സ്റ്റാറായി മലയാളികൾക്കിടയിൽ നിറഞ്ഞു നിൽക്കുന്നതിനല്ല നല്ല നടനായും നല്ല കലാകാരനായും മലയാളികൾക്കിടയിൽ നിറഞ്ഞു നിൽക്കാൻ ആഗ്രഹിച്ച ആ മഹാനടൻ   അങ്ങനെ മലയാളികൾക്കിടയിൽ നിന്നും മറഞ്ഞു പോകുന്നു.

അദ്ധ്യാപക ദമ്പതികളുടെ മകനായി ജനിച്ച നെടുമുടി വേണു കലക്കുവേണ്ടി സന്ധിയില്ലാത്ത സമരം ചെയ്ത് ഒത്തുതീർപ്പിന് തയ്യാറാകാതെ മലയാളിയുടെ അഭിമാനമായി മാറി.  നെടുമുടി വേണു എന്ന മലയാളിയുടെ അഭിമാനത്തിന് സ്നേഹാദരങ്ങൾ അർപ്പിക്കുന്നു.

## ഭരണഘടനയുടെ ആമുഖം

ഭാരതത്തെ സംബന്ധിച്ച് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ നമുക്ക് മാതൃകയാക്കാൻ പല രാജ്യങ്ങളുടേയും ഭരണഘടനയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അത്തരം ഭരണഘടനയിൽ നിന്നും നല്ല വശം സാംശീകരിക്കുവാൻ നമ്മുടെ ഭരണഘടനക്ക് കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുത്ത മൂല്ല്യബോധമുണ്ടായിരുന്ന സ്വാതന്ത്ര്യാനന്തര ഭരണാധികാരികൾക്ക് മെച്ചപ്പെട്ട ഭരണഘടന തയ്യാറാക്കുവാൻ കഴിഞ്ഞിരുന്നു.

ഓരോ രാജ്യങ്ങൾക്കും ആ രാജ്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ജാതി, മതം, വർണ്ണം തുടങ്ങി പലവിധങ്ങളായ അസ്വാരസ്യങ്ങൾ ഭരണഘടനയിലും ഉൾക്കൊള്ളേണ്ടി വരുന്നു. ഭാരതത്തെ സംബന്ധിച്ച് നമ്മുടെ സ്വാതന്ത്ര്യം തന്നെ രാജ്യത്തെ രണ്ടാക്കി വിഭജിച്ചു കൊണ്ടു കൂടിയാണ് സ്വായത്തമാക്കിയത്. അതുകൊണ്ടുതന്നെ എത്രമാത്രം മതനിരപേക്ഷ രാജ്യമായി ഇന്ത്യക്ക് നിലനിൽക്കാൻ കഴിയുമെന്നതിന് സംശയമുന്നയിച്ചവർ ധാരാളമുണ്ടാകാൻ ഏറെ സാധ്യതകളുണ്ട്.

നമ്മുടെ ഭരണഘടന തയ്യാറാക്കിയവർക്ക് മതിനിരപേക്ഷ രാജ്യമായി നിലനിർത്താനുള്ള ആഗ്രഹമുള്ളതുകൊണ്ടായിരിക്കണം രാജ്യത്തിനെ ഇത്ര

യുംകാലം വലിയ കുഴപ്പമില്ലാതെ മതേതരമായി നിലനിർത്താൻ കഴിഞ്ഞത്. അപ്പോഴും ഈ ഇരു പത്തി ഒന്നാം നൂറ്റാണ്ടിലും നമ്മുടെ ജാതി മത ചിന്ത കൾ കൂടുതൽ ശക്തി പ്രാപിച്ചിരിക്കുന്നതായി കാണാം.

കാലാകാലങ്ങളിൽ നമ്മുടെ ഭരണഘടനയിൽ കൂട്ടിചേർക്കലുകൾ നടത്തിയിട്ടുണ്ട്. പ്രബല സമു ദായങ്ങൾക്കിടയിൽ ഞെരുങ്ങി ദുർബലമാവുകയൊ വളർച്ച നിഷേധിക്കപ്പെടുകയൊ ചെയ്യാൻ ഏറെ സാധ്യതകളുള്ളതിനാൽ ന്യൂനപക്ഷങ്ങൾക്ക് നമ്മുടെ ഭരണഘടന തന്നെ സമാശ്വാസം നൽകു ന്നത് അർഹിക്കുന്ന നീതിയായി മാറുന്നു.

ഭരണഘടന തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രഥമ പരിഗണന നൽകിയിരു ന്നത് എന്ന് ഭരണഘടന എഴുതി തയ്യാറാക്കുകയും ഏകോപിപ്പിക്കുകയും ചെയ്തവരുടെ അഭിപ്രായ ങ്ങളും അവരുടെ നിരീക്ഷണങ്ങളും നമ്മുടെ കുട്ടിക ളുടെ പാഠാവലിയിൽ ചേർക്കുന്നത് നല്ല ഒരു നീതി ന്യായ വ്യവസ്ഥ രാജ്യത്ത് നിലവിൽ കൊണ്ടു വരു ന്നതിന് സഹായിക്കുക തന്നെ ചെയ്യും. ഭരണഘ ടന പാർലമെന്റിൽ അവതരിപ്പിച്ചു എന്നതുകൊണ്ടോ ഭരണഘടനക്കകത്ത് തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്നതുകൊണ്ടോ അവരാണ് രാജ്യത്തിന്റെ ഭരണ ഘടനയെപ്പറ്റി അഭിപ്രായങ്ങൾ പറയേണ്ടത് എന്ന നിലപാട് സ്വീകരിക്കുന്നത് മെച്ചപ്പെട്ട നടപടിയല്ല.

ഭരണഘടന എന്തൊക്കെ വിഭാവനം ചെയ്താലും അതിനനുസരിച്ച് ഉയർന്ന ചിന്തയും ഭരണഘടനയനുസരിച്ച് ജീവിക്കാനുള്ള സൗമന സ്യവും പൗരന്മാർ കാണിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ നീതിന്യായ വ്യവസ്ഥ രാജ്യത്ത് നിലനിൽക്കുകയുള്ളൂ എന്നും എല്ലാവർക്കും നീതി ലഭിക്കുകയുള്ളൂ എന്നും തിരിച്ചറിയേണ്ടതുണ്ട്.

ഒരുവന്റെ ജനിതകമായ കഴിവിനെ അംഗീക രിക്കാതിരിക്കുന്നതും ജാതിയുടെ പേരിലൊ മറ്റെ ന്തെങ്കിലും പേരിലൊ സംവരണം ഏർപ്പെടുത്തു ന്നതും നമ്മുടെ സമത്വത്തിനു വേണ്ടിയാണ് എന്ന വാദം അംഗീകരിക്കാവുന്നതല്ല. ജാതിയും മതവും ഏറെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന നമ്മുടെ രാജ്യത്ത് വലിയ ത്യാഗമനോഭാവം നിലനിൽക്കുന്നി ടത്ത് മാത്രമെ സാഹോദര്യം കൊണ്ടു വരുവാൻ കഴിയുകയുള്ളൂ.

എന്തൊക്കെ നമ്മുടെ ഭരണഘടയിൽ പറ ഞ്ഞിരുന്നാലും നന്മനിറഞ്ഞ മനുഷ്യരെ നമ്മുടെ ഭര ണാധികാരികളായി തിരഞ്ഞെടുത്താൽ മാത്രമെ നന്മ നിറഞ്ഞ ആശയങ്ങൾ സമൂഹത്തിൽ നില നിൽക്കുകയുള്ളൂ എന്നും നീതിന്യായ വ്യവസ്ഥ നിലനിൽക്കുന്നിടത്ത് മാത്രമെ സമാധാനവും സമ്പൽസമൃദ്ധിയും നിലനിൽക്കുകയുള്ളൂ എന്നു സമൂഹം തിരിച്ചറിയുക തന്നെ വേണം.

## ബാലവേല

സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് ബാലവേല എന്നത്. ദാരിദ്ര്യം എന്നത് മൂന്നു നേരത്തെ ഭക്ഷണം നൽകിയതുകൊണ്ടു മാത്രമായി ഒതുക്കാൻ പറ്റുന്നതല്ല. ഭക്ഷണവും പാർപ്പിടവും വസ്ത്രവുമെല്ലാം അടിസ്ഥാന ആവശ്യങ്ങളായി തുടരുമ്പോഴും വിദ്യാഭ്യാസവും ആരോഗ്യവും കുട്ടികളുടേയും പ്രായമായവരുടേയും സാമൂഹ്യ സുരക്ഷയുമെല്ലാം ദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഭാഗങ്ങൾ തന്നെയാണ്.

ലോകത്തിന്റെ ഏതു മേഖലയെടുത്താലും ബാലവേലകൾ ഒരു പരിധിവരെ മാത്രമെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നു കാണാം. നമ്മുടെ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ച് കൂടുതലായും ബാലവേലക്ക് തയ്യാറാവുന്നത് അന്യസംസ്ഥാനത്ത് നിന്നും തൊഴിൽ തേടി എത്തുന്നവർ തന്നെയാണ്. ഒട്ടുമിക്ക ചെറുതും വലുതുമായ വികസിത സമൂഹങ്ങളിലെല്ലാം നിയമപരവും അല്ലാത്തതുമായ കടന്നുകയറ്റം കാണാവുന്നതാണ്.

ചെറിയ സംസ്ഥാനമായ കേരളത്തിൽ കാണാതാവുന്ന കുട്ടികളുടേയും ആത്മഹത്യ ചെയ്യുന്ന കുട്ടികളുടേയും എണ്ണം വളരെ കൂടുതലാണ്. ബാലവേലയുമായി തട്ടിച്ചു നോക്കുമ്പോൾ

കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കേരളം നേരിടുന്നത് കുട്ടികളുടെ ആത്മഹത്യയും അവരെ കാണാതാവുന്നതുമാണ്. ഒരു വർഷം ആത്മഹത്യ ചെയ്യുന്ന കേരളത്തിലെ കുട്ടികളുടെ എണ്ണം മുന്നൂറിലധികമാണ് എന്നത് ചെറുവരപോലെ കിടക്കുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് ലോകത്തിനു മുമ്പിൽ തലയുയർത്തി നിൽക്കാൻ തടസമാകുന്നു.

നമ്മുടെ കുട്ടികൾക്ക് പതിനെട്ട് വയസ്സാവുമ്പോൾ അവരെ വോട്ടു ചെയ്യാൻ പ്രാപ്തരാക്കുക എന്നതിൽ മാത്രമാണ് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃങ്ങൾ ശ്രദ്ധ നൽകുന്നത്.

ഉയർന്ന ജനസംഖ്യാ നിരക്കാണ് ദാരിദ്ര്യം സമൂഹത്തിൽ നിലനിൽക്കാൻ കാരണമെങ്കിലും കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ കടുത്ത മദ്യപാന ആസക്തിയും രാഷ്ട്രീയ സമൂഹ മേഖലയിലെ അളിഞ്ഞ നിലപാടുകളും ഇതിനു കാരണമാകുന്നു. ഭാരതത്തിലെ ദാരിദ്ര്യ നിർമ്മാർജനത്തിന് ജനസംഖ്യ നിയന്ത്രിക്കുക എന്നതിൽ പ്രഥമ പരിഗണന നൽകേണ്ടതുണ്ട്.

കുട്ടികളെ അവഗണിക്കുന്ന മാതാപിതാക്കൾക്ക് തക്കതായ ശിക്ഷ ഉറപ്പാക്കാനും അവരെ രാജ്യം ഏറ്റെടുത്ത് അത്തരം കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തേണ്ടതുമുണ്ട്.

ബാലവേല ചെയ്യപ്പെടുന്ന ഇടങ്ങൾ ഒഴിവാക്കിയും ഓരോ കുട്ടിയുടേയും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തിയും സമൂഹത്തിന്റെ കടമ നിർവ്വഹിക്കേണ്ടതുണ്ട്. രണ്ടിൽ കൂടുതൽ കുട്ടികളുള്ളവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും നിയമം മൂലം കർശനമായി മാറ്റി നിറുത്തേണ്ടതും രണ്ടിൽ കൂടുതൽ കുട്ടികളുള്ളവർക്ക് സർക്കാർ വകുപ്പുകളിൽ ജോലി നിഷേധിക്കുന്നതുമൊക്കെ ജനസംഖ്യാ നിയന്ത്രണത്തെ സംബന്ധിച്ച അവബോധം സമൂഹത്തിൽ വളർത്തിയെടുക്കാൻ സഹായിക്കുക തന്നെ ചെയ്യും.

## ജീവിതശൈലി രോഗങ്ങൾ

നമ്മൾ ജീവിക്കുന്ന ശൈലിയാണ് പലവിധ രോഗങ്ങൾക്കും കാരണമാകുന്നത്. പ്രകൃതിക്കൊത്ത വിധം ജീവിക്കുക എന്നതു തന്നെയാണ് ജീവിതശൈലി രോഗങ്ങളിൽ നിന്നു രക്ഷപെടുവാനുള്ള പരിഹാരമായി പറയാവുന്നത്. ലോകത്തെ ക്രമീകരിക്കാനുള്ള ഉപാധിയായി പ്രകൃതി തന്നെ സ്വീകരിക്കുന്നതാണ് ജീവിതശൈലി രോഗങ്ങൾ എന്നും പറയാം.

ജീവിതശൈലി രോഗങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്ന രോഗങ്ങളിൽ പലതും പാരമ്പര്യമായി ലഭിക്കുന്നതായി കാണാം. അത്തരം പാരമ്പര്യമായി ലഭിച്ചേക്കാവുന്ന രോഗങ്ങൾ പോലും ജീവിതശൈലികൾ പ്രകൃതിക്കൊത്തവിധം ക്രമീകരിക്കുകയാണെങ്കിൽ നിയന്ത്രണ വിധേയമാക്കാവുന്നതാണ് എന്ന് പലരും ജീവിതാനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്നു.

പൂർവ്വീകരായ മനുഷ്യർ വളരെ കുറച്ച് മരുന്നുകൾ മാത്രമെ ഉപയോഗിച്ചിരുന്നുള്ളൂ എന്നു കാണാം. ആവശ്യത്തിനും അനാവശ്യത്തിനും മരുന്നു കഴിക്കുന്നതുകൊണ്ട് മനുഷ്യന്റെ പ്രതിരോധശേഷി കുറയുക തന്നെ ചെയ്യും. ചെറിയ ചെറിയ ചീറാപ്പുകളൊക്കെ മനുഷ്യന്റെ ശരീരം തന്നെ രൂപ

പ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന ഉപാധികളാണ്. അത്തരം ചെറിയ ചെറിയ കാര്യങ്ങൾക്ക് പോലും ഇടതടവില്ലാതെ കൂടിയ അളവിൽ മരുന്നു കഴിക്കുന്നവരേയും ധാരാളമായി സമൂഹത്തിൽ കാണാവുന്നതാണ്.

പാടത്തും പറമ്പിലും പണിയെടുക്കുന്ന മനുഷ്യർക്ക് ഇത്തരം ജീവിതശൈലി രോഗങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമെ കാണുകയുള്ളൂ. ആവശ്യമായ വ്യായാമം നമ്മുടെ പുതിയ തലമുറയ്ക്ക് ലഭിക്കുന്നില്ല. ഇത് പുതുതലമുറയിൽ കൂടുതലായി ജീവിതശൈലി രോഗങ്ങൾ കാണുന്നതിന് കാരണമായി.

ജീവിതത്തിൽ എന്തെല്ലാമൊ വെട്ടിപിടിക്കാനുള്ള ശ്രമത്തിനിടയിൽ മനുഷ്യൻ എത്ര കിട്ടിയാലും മതിവരാത്ത ദുരാഗ്രഹിയായി മാറുന്നു. ജീവിതം തിരക്ക് പിടിച്ചതായി, ജീവിതത്തിൽ കൂടുതൽ ടെൻഷൻ അനുഭവിക്കുന്ന സമൂഹമായി മനുഷ്യൻ മാറുകയും ചെയ്തു. ഇത്തരം ദുരാഗ്രഹവും ടെൻഷനുമുള്ള മനുഷ്യ സമൂഹത്തിൽ ജീവിതശൈലി രോഗം ആവസാമുറപ്പിക്കുകയും ചെയ്യുന്നു.

എന്തു കഴിക്കാം എന്തു കഴിക്കാൻ പാടില്ല എത്രത്തോളം കഴിക്കാം എന്നൊക്കെയുള്ള വ്യക്തമായ തീരുമാനമെടുക്കാനുള്ള കഴിവില്ലാത്തവനായി കേരളീയൻ മാറിയിരിക്കുന്നൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആധുനിക സമൂഹത്തിൽ

ജീവിക്കുന്ന മനുഷ്യൻ അവന്റെ ഭക്ഷണക്രമത്തേപ്പ റ്റിയും സൂക്ഷ്മമായി അറിയേണ്ടിയിരിക്കുന്നു. മനു ഷ്യ ശരീരത്തിൽ എത്ര പോഷകങ്ങൾ ഏതെല്ലാം അളവിൽ വേണം എന്ന വ്യക്തമായ ബോധം പുതു തലമുറക്ക് നഷ്ടപ്പെട്ടിരിക്കുന്നു എന്നതു തന്നെ യാണ് ജീവിതശൈലി രോഗങ്ങളുടെ കൂടിയ സംഖ്യ സമൂഹത്തിൽ പ്രകടമാവുന്നതിനു കാരണം. അതു കൊണ്ടുതന്നെ ജീവിതശൈലി രോഗങ്ങൾ വളരെ ചെറുപ്പത്തിൽ തന്നെ സമൂഹത്തിൽ പിടിപെടുന്ന തായി കാണാം. ബേക്കറി സാധനങ്ങൾ ഭക്ഷണക്ര മത്തിൽ കൂടിയ അളവിൽ ഉൾപ്പെടുന്നതും, കൊക്കോ കോള പോലുള്ള ശീതള പാനീയങ്ങളുടെ അമിതമായ ഉപയോഗവും, പ്രലോഭിപ്പിക്കുന്നതും വിഷലിപ്തവുമായ പുത്തൻ ആഹാര പദാർത്ഥ ങ്ങളും, മനുഷ്യ ശരീരത്തിലേക്ക് പ്രവേശിക്കുന്നത് തടയേണ്ടിയിരിക്കുന്നു.

ഐ.ടി പോലുള്ള പുതുതലമുറ സ്ഥാപ നങ്ങളിൽ ജോലിയെടുക്കുന്ന പുതുതലമുറ കൂടു തൽ കൂടുതൽ ടെൻഷൻ അനുഭവിക്കുന്നതും ഫാസ്റ്റ് ഫുഡ് പോലുള്ള പുത്തൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ആകർഷകമായ ഭക്ഷ ണങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതും ജീവിത ശൈലി രോഗങ്ങൾക്ക് കാരണമാകുന്നു.

പുതുതലമുറയിൽ കൂടുതലായി മദ്യത്തി ന്റേയും ലഹരി പദാർത്ഥങ്ങളുടേയും ഉപയോഗം കാണുന്നു. ഇത്തരം ലഹരിയുടെ ഉപയോഗം താൽക്കാലിക പരിഹാരമായി തോന്നിയേക്കാമെ

ങ്കിലും ജീവിതശൈലി രോഗങ്ങൾ പോലെ മറ്റിതര രോഗ പീഡകളാൽ പിന്നീട് ജീവിതം ദുസ്സഹമായി മാറുന്നു.

നമ്മുടെ കുട്ടികളുടെ പഠനത്തോടൊപ്പം ജീവിതശൈലി രോഗങ്ങളെപ്പറ്റി ആവശ്യമായ വിജ്ഞാനം ലഭിക്കുന്നതിനുള്ള പാഠഭാഗങ്ങളും ഉൾപ്പെടുത്തണം. ഓരോ വ്യക്തികൾക്കും അവരവരുടെ പൊക്കത്തിനും പ്രായത്തിനുമനുസരിച്ചുള്ള തൂക്കം എന്നത് ശാസ്ത്രീയമായി തീരുമാനിച്ചിട്ടുള്ളതും അവ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതുമുണ്ട്. ജീവിതശൈലി രോഗികളുടെ പെരുകുന്ന കണക്കുകൾ അമ്പരപ്പിക്കുന്നതും അതിന് പരിഹാരം കാണേണ്ടത് സമൂഹത്തിന്റെ സുഗമമായ പ്രയാണത്തിന് അത്യന്താപേക്ഷിതവുമായി മാറിയിരിക്കുന്നു.

# ക്ലബ് ഹൗസ് രണ്ടാം ഭാഗംഎസ്.കാച്ചപ്പിള്ളി




വിതരണം: സംസ്ക്കാര,
കൊച്ചി682509.
Tel:9446459784